I.ഇ.ബി. XIIകേരള നിയമസഭ/IX-6

**പന്ത്രണ്ടാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ഡിസംബർ 1, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അനുശോചനം**

മുംബൈയിലുണ്ടായ ഭീകരാക്രമണം

മി. സ്പീക്കർ: ഇൻഡ്യയുടെ മഹാനഗരമായ മുംബൈയിൽ 26-11-2008 ബുധനാഴ്ച ആരംഭിച്ച് 60 മണിക്കൂറോളം നീണ്ടുനിന്ന ഭീകരാക്രമണത്തെ ചെറുത്ത് തോല്പിക്കാൻ സ്വന്തം ജീവൻകൊണ്ട് പോരാടി വീരമൃത്യു വരിച്ച സുരക്ഷാ ഭടന്മാരുടെ ഉജ്ജ്വല സ്മരണയ്ക്ക് മുമ്പിൽ നമുക്ക് ശിരസ്സ് നമിക്കാം. ദേശീയ സുരക്ഷാ സേനയിലേയും മഹാരാഷ്ട്ര ഭീകര വിരുദ്ധ സേനയിലേയും അംഗങ്ങളാണ് മുംബൈ ഭീകരാക്രമണത്തെ പരാജയപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചത്. മഹാരാഷ്ട്ര ഭീകരവിരുദ്ധസേനാ തലവൻ ഹേമന്ത് കാർക്കറെ, അഡീഷണൽ കമാന്റർ അശോക് കാംതെ, ഏറ്റുമുട്ടൽ വിദഗ്ദ്ധനായ വിജയ് സലാസ്ക്കർ, ദേശീയസുരക്ഷാ സേനയിലെ ധീരനായ മലയാളി

മേജർ സന്ദീപ് ഉണ്ണികൃഷ്ണൻ, കമാന്റോ ഗജേന്ദ്രസിംഗ് തുടങ്ങി 17 സുരക്ഷാ ഭടന്മാരാണ് വീരമൃത്യുവരിച്ചത്. മേജർ സന്ദീപ് ഉണ്ണികൃഷ്ണൻ ഉൾപ്പെടെ രാജ്യത്തിന്റെ അഭിമാനം കാക്കാൻ വേണ്ടി സ്വന്തം ജീവൻ ബലിയർപ്പിച്ച് പോരാടി രക്തസാക്ഷിത്വം വരിച്ച സുരക്ഷാഭടന്മാരുടെ ധീരതയ്ക്ക് മുന്നിൽ അഭിവാദ്യങ്ങൾ അർപ്പിക്കുന്നു. ഭീകരാക്രമണത്തിൽ മുംബൈയിൽ കൊല്ലപ്പെട്ട തിരുവനന്തപുരം സ്വദേശി അനീഷ് പ്രഭു, അച്ഛൻ മുരുകൻ, എസ്.ബി.ഐ. അസിസ്റ്റന്റ് ജനറൽ മാനേജർ പാലക്കാട് സ്വദേശി ഗോപാലകൃഷ്ണൻ, താജ് ഹോട്ടൽ മാനേജർ ആലുവ സ്വദേശി വർഗ്ഗീസ് തോമസ് എന്നിവരുടേയും വ്യത്യസ്ത ആക്രമണങ്ങളിൽ കൊല്ലപ്പെട്ട വിദേശികളും സ്വദേശികളും ഉൾപ്പെടെയുള്ളവരുടേയും വേർപാടിൽ അനുശോചനം രേഖപ്പെടുത്തുന്നു. ജന്മനാടിനു വേണ്ടി മരണത്തെ മുഖാമുഖം കണ്ട് പട നയിച്ച രണധീരൻമാരായ സുരക്ഷാ ഭടന്മാരുടെ പോരാട്ട വീര്യം നമുക്ക് ആവേശം പകരുന്നതാണ്. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും തകർക്കാൻ ആരെയും അനുവദിക്കില്ലെന്ന് ആവർത്തിച്ചുറപ്പിച്ച് രാജ്യത്തിന്റെ യശസ്സുയർത്തിയ ധീര രക്തസാക്ഷികൾക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഈ പോരാളികളുടെ കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുന്നു.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റു നിന്ന് മൗനം ആചരിച്ചു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) <u>കായികമേഖലയുടെ അടിസ്ഥാന സൗകര്യ വികസനം</u>

<u>ശ്രീ. വി.ഡി. സതീശൻ</u>: കേരളം അന്തർ സർവ്വകലാശാല അത്‌ലറ്റിക് മീറ്റിനും 2009-ൽ നടക്കുന്ന ദേശീയ സ്കൂൾ ഗെയിംസിനും 2010-ൽ നടക്കുന്ന 35-ാമത് ദേശീയ ഗെയിംസിനും ആതിഥേയത്വം വഹിക്കാൻ പോകുകയാണ്. ദേശീയ നിലവാരത്തിലുള്ള കായികമത്സരം നടത്താനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇവിടെയില്ല. ദേശീയ ഗെയിംസിന് ഇനി 450 ദിവസം മാത്രം ബാക്കിനിൽക്കേ 2000 കോടി രൂപയോളം ചെലവു വരുന്ന ഒരു സ്പോർട്സ് കോംപ്ളക്സ് സ്ഥാപിച്ചെടുക്കുക അസാധ്യമാണ്. 1000 കോടി രൂപയുടെ മുതൽമുടക്ക് കേന്ദ്ര സർക്കാർ ഈ മേഖലയ്ക്കായി നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് കായിക മേഖലയ്ക്ക് പ്രയോജനം ചെയ്യുന്ന വിധത്തിൽ മത്സരങ്ങൾ കഴിഞ്ഞാലും കുട്ടികൾക്ക് കൂടുതൽ പ്രാക്ടീസ് ചെയ്യാൻ പറ്റുന്ന രീതിയിൽ ഉപയോഗിക്കേണ്ടതുണ്ട്. പതിനായിരത്തോളം പേർ പങ്കെടുക്കുന്ന 10 ദിവസം നീണ്ടുനിൽക്കുന്ന ഈ മഹാമേളയ്ക്കായുള്ള ഒരുക്കങ്ങൾ ഇപ്പോൾത്തന്നെ ആരംഭിക്കുകയും കൃത്യമായി ആസൂത്രണം നടത്തുകയും വേണം. ദേശീയ ഗെയിംസിൽ അത്‌ലറ്റിക്സ് കൂടാതെ 33 പുതിയ ഇനങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ നിലവിലുള്ള സൗകര്യങ്ങൾ വികസിപ്പിക്കുകയും പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം. സംസ്ഥാനത്ത് എല്ലായിടത്തുമായി പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ഈ മത്സരങ്ങൾ നടത്തുന്നതിനായി ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): 1987-ലാണ് കേരളം

ദേശീയ ഗെയിംസിന് ആദ്യമായി വേദിയാകുന്നത്. അതിനുശേഷം കേരളത്തെ ദേശീയ ഗെയിംസിന്റെ വേദിയായി പരിഗണിച്ചിട്ടില്ല. ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷനും കേന്ദ്ര സർക്കാരുമായി സംസ്ഥാന സർക്കാർ നടത്തിയ നിരന്തര ചർച്ചകളുടെ ഫലമായി 2010-ലെ നാഷണൽ ഗെയിംസ് നടത്താൻ അവസരം ലഭിക്കുകയും ഇതിനുവേണ്ടി സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷന് 1 കോടി രൂപ ഒരു വർഷംമുമ്പ് ബിഡ് മണിയായി നൽകുകയും ചെയ്തു. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും ദേശീയ ഗെയിംസിന്റെ നടത്തിപ്പിനുമായി കേന്ദ്ര സർക്കാരിൽ നിന്നും 1000 കോടി രൂപയുടെ സഹായമെങ്കിലും വാങ്ങിയെടുക്കുവാൻ സാധിക്കണം. 2010 മേയ് 1-ന് ആരംഭിക്കുന്ന കായിക മേളയുടെ പ്രധാനവേദി തിരുവനന്തപുരവും ഉപവേദികൾ മറ്റു ജില്ലകളുമായിരിക്കും. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ മാനദണ്ഡമനുസരിച്ചുള്ള സ്റ്റേഡിയം, ഇൻഡോർ സ്റ്റേഡിയം, നീന്തൽക്കുളം, ഗെയിംസിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ അടിയന്തിരമായി ഒരുക്കുന്നതിനും തിരുവനന്തപുരത്ത് ഗെയിംസ് വില്ലേജ് നിർമ്മിക്കുന്നതിനുമുള്ള നടപടികൾ എടുത്തുവരുന്നു. ഈ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് വളരെക്കുറച്ച് സമയം മാത്രമേയുള്ളൂ. എങ്കിലും ഇതിനാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കെ.എസ്.ഐ.ഡി.സി-യേയും ഐ.എൽ ആന്റ് എഫ്.എസ്.ഐ.ഡി.സി-യേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും സ്പോർട്ട്സിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ സമർപ്പിക്കണമെന്ന് കെ.എസ്.ഐ.ഡി.സി-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കായികമേളയുടെ

സുഗമമായ നടത്തിപ്പിനുവേണ്ടി ബഹുമാനപ്പെട്ട കേരള ഗവർണ്ണർ, കേരളത്തിൽനിന്നുള്ള കേന്ദ്ര മന്ത്രിമാർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, കേരളത്തിലെ എം.എൽ.എ.-മാർ, എം.പി.-മാർ, ചീഫ് സെക്രട്ടറി, ഡി.ജി.പി എന്നിവർ ഉൾപ്പെടുന്ന ഗവേണിംഗ് ബോഡി ഉടൻ നിലവിൽ വരുന്നതാണ്. 50,000 പേർക്ക് ഇരിക്കാവുന്ന പ്രധാന സ്റ്റേഡിയം, തിരുവനന്തപുരത്ത് പുതിയ ഒരു ഇൻഡോർ സ്റ്റേഡിയം, പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽക്കുളം, വാട്ടർ വർക്സ് സ്വിമ്മിംഗ് പൂളിനോട് ചേർന്ന് അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്വിമ്മിംഗ് പൂൾ, കൊല്ലത്ത് പുതിയതായി ഹോക്കി ടർഫ്, ഇൻഡോർ സ്റ്റേഡിയം എന്നിവ പണി കഴിപ്പിക്കും. ആലപ്പുഴയിൽ ഒരു വാട്ടർ സ്പോർട്ടസ് സ്റ്റേഡിയം, നിർമ്മാണം ആരംഭിച്ചിരിക്കുന്ന മുനിസിപ്പൽ സ്റ്റേഡിയം, പുന്നമടക്കായലിലെ നെഹ്റു ട്രോഫി പവലിയൻ എന്നിവയുടെ പണി പൂർത്തിയാക്കും. എറണാകുളത്ത് ആധുനിക രീതിയിലുള്ള ഷൂട്ടിംഗ് റെയ്ഞ്ച്, അന്താരാഷ്ട്ര നിലവാരമുള്ള സ്വിമ്മിംഗ് പൂൾ, തൃശ്ശൂരിൽ നീന്തൽക്കുള സമുച്ചയത്തോട് ചേർന്ന് ഒരു പുതിയ ഇൻഡോർ സ്റ്റേഡിയം, മലപ്പുറത്ത് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഗ്രൗണ്ടിൽ ഒരു സൈക്കിൾ വെലോഡ്രോം, കോഴിക്കോട് 400 മീറ്റർ ട്രാക്കുള്ള ഒരു സ്റ്റേഡിയം, ഒരു ഇൻഡോർ സ്റ്റേഡിയം, കണ്ണൂരിൽ ഒരു ഇൻഡോർ സ്റ്റേഡിയം എന്നിവയാണ് ദേശീയ ഗെയിംസിനോട് അനുബന്ധിച്ച് പണി കഴിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇതുകൂടാതെ രണ്ടാം ഘട്ടമായി കാസർഗോഡ് ജില്ലയിൽ ഒരു ജില്ലാ സ്പോർട്ട്സ് കോംപ്ലക്സും വയനാട്ടിൽ ഒരു ഇന്റർനാഷണൽ ആർച്ചറി സെന്ററും മലപ്പുറത്ത് ഫുട്ബോൾ അക്കാദമിയും പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ ഓരോ ഇൻഡോർ സ്റ്റേഡിയവും ഇടുക്കിയിലെ മൂന്നാറിൽ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ

രണ്ടാം ഘട്ടവും ഇടവെട്ടിച്ചിറയിൽ വാട്ടർ സ്പോർട്ടസ് കോംപ്ലക്സും പണി കഴിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന വർക്ക് പരിശീലനം നൽകുന്നതിന് അന്താരാഷ്ട്ര നിലവാരമുള്ള പരിശീല കരെ പങ്കെടുപ്പിച്ചുകൊണ്ട് കോച്ചിംഗ് ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ മുന്നോടിയായി ഈ വർഷം മുതൽ കേരളാ ഗെയിംസ് എല്ലാ വർഷവും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. 2009 ജനുവരി 7 മുതൽ 11 വരെ എറണാകു ളത്തുവച്ച് നടക്കുന്ന ദേശീയ സ്കൂൾ ഗെയിംസിനുവേണ്ടി തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുകയാണ്. ദേശീയ ഗെയിംസിന്റെയും സ്കൂൾ ഗെയിം സിന്റെയും വിജയകരമായ നടത്തിപ്പിന് ആവശ്യമായ എല്ലാ സഹകരണവും സഭയുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

(2) <u>കാർഷിക വിപണി നിയന്ത്രണ നിയമം</u>

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ</u>: സംസ്ഥാനത്ത് സമഗ്രമായ ഒരു കാർഷിക വിപണി നിയന്ത്രണ നിയമനിർമ്മാണത്തെപ്പറ്റി ചർച്ച ചെയ്യപ്പെടു ന്നുണ്ടെങ്കിലും ഇതുവരെയും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ബഹുരാഷ്ട്ര കുത്തക കമ്പനികൾ ഈ മേഖലയിലേയ്ക്ക് കടന്നുകയറി കാർഷിക വിപണി പൂർണ്ണമായി നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തിവരികയാണ്. യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടുകൂടി 5 ഇ.ഇ.സി മാർക്കറ്റുകൾ സംസ്ഥാനത്ത് ആരംഭിച്ചുവെങ്കിലും ഈ മാർക്കറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കാനോ ഉദ്ദേശിച്ച തരത്തിൽ പ്രവർത്തിപ്പിക്കാനോ കഴിയാത്തത് മതിയായ നിയമത്തിന്റെ അപര്യാപ്തത മൂലമാണ്. കർഷക കൂട്ടായ്മയിലൂടെ കാർഷിക വിപണി നിയന്ത്രണ നിയമം നടപ്പിലാക്കാനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കേരളത്തിന്റെ കാർഷിക മേഖലയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന ഒരു വിഷയമാണിത്. ഉദാരവൽക്കരണ നയത്തിന്റെ ഭാഗമായി ആഭ്യന്തര കുത്തകകളുടെയും വിദേശ കുത്തകകളുടെയും വിപണി ഇടപെടലുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കർഷകരുടെ രക്ഷയ്ക്ക് ഇത്തരം ഒരു നിയമം അനിവാര്യമാണ്. ഒരു കരടുനയത്തിന് രൂപം നൽകി നിയമവകുപ്പിന്റെ ഉപദേശത്തിനയച്ചിരുന്നു. സെക്രട്ടേറിയറ്റിൽ ഇതിനായി ഒരു പ്രത്യേക കമ്മിറ്റിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രത്തിന്റെ നയങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ച് കേരളത്തിലെ കർഷകരുൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഇടത്തട്ടുകാരെ ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിന് കേരളത്തിന്റെ സാഹചര്യങ്ങൾക്കിണങ്ങുന്ന ഒരു വിപണി നിയന്ത്രണ നിയമം കഴിയുംവേഗം സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്. കേരളത്തിലെ 6 പ്രധാന മാർക്കറ്റുകളുമായി ബന്ധപ്പെട്ട് കർഷകരുടെ ഉല്പാദന യൂണിറ്റുകൾ സംഘടിപ്പിച്ച് സംഭരണ കേന്ദ്രങ്ങളാക്കി മാറ്റി നിശ്ചിത വില കിട്ടുമെന്ന് ഉറപ്പുവരുത്തുന്ന ഒരു സംവിധാനം ഏർപ്പെടുത്തുന്നതാണ്.

**സബ്മിഷൻ**

(1) മലപ്പുറം ജില്ലയിൽ ക്യാൻസർ ചികിത്സാ കേന്ദ്രം

ശ്രീ. പി.കെ. അബ്ദുറബ്ബ്: മലപ്പുറം ജില്ലയിൽ ക്യാൻസർ ചികിത്സാ കേന്ദ്രം സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മലപ്പുറം ജില്ലാ ആശുപത്രിയോടനുബന്ധിച്ച് ക്യാൻസർ ചികിത്സാകേന്ദ്രം ആരംഭിക്കുവാനും ടി.ബി. സെന്ററുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥലത്തേയ്ക്ക് പിന്നീട് ഇത് മാറ്റി സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): റേഡിയോ തെറാപ്പി വിഭാഗത്തിലും റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിലും സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ എണ്ണം വളരെ കുറവാണ്. ഡോക്ടർമാരെ ലഭ്യമാകുന്ന മുറയ്ക്ക് എൻ.ആർ.എച്ച്.എം ഫണ്ടോ ഗവൺമെന്റ് ഫണ്ടോ ഉപയോഗിച്ച് എറണാകുളം ജനറൽ ആശുപത്രിയിൽ തുടങ്ങിയതുപോലെ മലപ്പുറം ജില്ലാ ആശുപത്രിയുടെ സൗകര്യം ഉപയോഗപ്പെടുത്തി ഒരു ക്യൻസർ ചികിത്സായൂണിറ്റ് തുടങ്ങാൻ സാധിക്കുമോ എന്നുള്ള കാര്യം പരിശോധിക്കുന്നതാണ്.

(2) മുംബൈ ആക്രമണത്തിൽ മരണപ്പെട്ട തിരുവനന്തപുരം സ്വദേശികളുടെ കുടുംബത്തിന് സഹായം

ശ്രീ. വി. ശിവൻകുട്ടി: മുംബൈ ഭീകരാക്രമണത്തിൽ മരണപ്പെട്ട തിരുവനന്തപുരം വലിയശാലാ സ്വദേശികളായ മുരുകന്റെയും മകൻ അനീഷ് പ്രഭുവിന്റെയും കുടുംബത്തിന് 10 ലക്ഷം രൂപയുടെ ധനസഹായവും അഞ്ചു സെന്റ് ഭൂമിയും അനുവദിക്കാൻ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): രാജ്യത്തെ നടുക്കിയ മുംബൈ ഭീകരാക്രമണത്തിൽ മരണപ്പെട്ട തിരുവനന്തപുരം സ്വദേശികളായ മുരുകൻ, മകൻ അനീഷ് പ്രഭു എന്നിവരുടെ കുടുംബത്തിന് ഭൂമിയുൾപ്പെടെയുള്ള സാമ്പത്തികസഹായങ്ങൾ നൽകുന്ന കാര്യം അടുത്ത മന്ത്രിസഭായോഗത്തിൽ തീരുമാനിക്കുന്നതാണ്. ഭീകരരെ തുരത്തുന്നതിനിടയിൽ വീരമൃത്യു വരിച്ച ധീരയോദ്ധാവായ സന്ദീപ് ഉണ്ണിക്കൃഷ്ണന്റെ കുടുംബത്തിനും എല്ലാ വിധ സഹായങ്ങളും നൽകുന്നതാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മുംബൈ ഭീകരാക്രമണത്തിൽ മരണപ്പെട്ട തിരുവനന്തപുരം സ്വദേശികളുടെ കുടുംബത്തിന് സഹായം നൽകുന്നകാര്യവും വീരമൃത്യു വരിച്ച സന്ദീപ് ഉണ്ണിക്കൃഷ്ണന്റെ കുടുംബത്തെ സഹായിക്കാൻ എന്തു ചെയ്യണമെന്നുള്ള കാര്യവും മന്ത്രിസഭാ യോഗം കൂടി തീരുമാനിക്കുന്നതാണ്. മരണമടഞ്ഞവർക്ക് കേന്ദ്രഗവൺമെന്റും കർണ്ണാടക, മഹാരാഷ്ട്ര ഗവൺമെന്റുകളും നൽകുന്ന സാമ്പത്തിക സഹായംകൂടി കണക്കിലെടുത്ത് അർഹമായ സാമ്പത്തിക സഹായം നൽകുന്നതായിരിക്കും.

(3) ആറ്റിങ്ങൽ അഞ്ചുതെങ്ങിലെ ഒന്നാം പാലത്തിന്റെ പണി

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ടി.എസ്. കനാലിന്റെ കുറുകെയുള്ള ആറ്റിങ്ങൽ-അഞ്ചുതെങ്ങ്-നെടുങ്കണ്ടം ഒന്നാം പാലത്തിന്റെ പണി പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): നബാർഡിന്റെ ധനസഹായത്തോടെ ആർ.ഐ.ഡി.എഫ് 12-ൽ ഉൾപ്പെടുത്തി 946 ലക്ഷം രൂപയുടെ ഭരണാനുമതിയും 24-6-2005-ൽ 756 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയ ആറ്റിങ്ങൽ-അഞ്ചുതെങ്ങ്-നെടുങ്കണ്ടം ഒന്നാം പാലത്തിന്റെ പണി പുരോഗമിച്ചുവരികയായിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ പണി നിറുത്തിവയ്ക്കാൻ കരാറുകാരൻ നിർബന്ധിതനായിത്തീർന്നു. പ്രസ്തുത പണിക്ക് നബാർഡ് അനുവദിച്ച തുക ചെലവഴിച്ചു കഴിഞ്ഞതിനാൽ ബാക്കി പണികൾക്ക് ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 2.45 കോടി രൂപയുടെ എസ്റ്റിമേററ് ഡിപ്പാർട്ടുമെന്റ് തയ്യാറാക്കി ഭരണാനുമതിക്കായി ഗവൺമെന്റിലേയ്ക്ക് അയച്ചിരിക്കുകയാണ്. ഒന്നാം പാലത്തിന്റെ പണികൂടി പൂർത്തിയാക്കിയാൽ മാത്രമേ ഈ പദ്ധതി പൂർണ്ണമായും

ജനങ്ങൾക്ക് പ്രയോജനപ്രദമാകൂവെന്നുള്ളതുകൊണ്ട് അവശേഷിക്കുന്ന പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് എത്രയും വേഗം ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(4) പെൻഷൻ പരിഷ്കരിക്കണം

ശ്രീ. ബി. രാഘവൻ: കർഷകത്തൊഴിലാളികളടക്കം സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളുടെ പെൻഷൻതുക കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ. ഗുരുദാസൻ) : കർഷകത്തൊഴിലാളി പെൻഷൻ ഈ വർഷം ഏപ്രിൽ 1 മുതൽ 200 രൂപയായി വർദ്ധിപ്പിക്കുകയും കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തു. കയർ, കൈത്തറി, ഈറ്റ-പനമ്പ്, ഖാദി തുടങ്ങി വിവിധ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കും പെൻഷൻ കൊടുക്കേണ്ടത് ഗവൺമെന്റാണ്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഇത്തരം സാമ്പത്തിക സഹായങ്ങൾ തുടരാനാണ് ഗവൺമെന്റ് തീരുമാനം. നിലവിലുള്ള പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം ഗൗരവപൂർവം പരിഗണിക്കുന്നതാണ്.

(5) അഴീക്കോട് മാട്ടൂൽ പഞ്ചായത്തിലെ അനധികൃത മണലൂറ്റ്

ശ്രീ.എം. പ്രകാശൻ മാസ്റ്റർ: അഴീക്കോട് നിയോജക മണ്ഡലത്തിൽപ്പെട്ട മാട്ടൂൽ പഞ്ചായത്തിൽ കടൽഭിത്തി പൊളിച്ച് പോലീസിന്റെ ഒത്താശയോടുകൂടി രാത്രികാലങ്ങളിൽ അനധികൃതമായി മണൽ കടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കണ്ണൂർ ജില്ലയിൽ പഴയങ്ങാടി പോലീസ് സ്റ്റേഷൻ

അതിർത്തിയിലെ മണൽ കടത്തിനെതിരെ റെയ്ഡുകൾ നടത്തി ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്. മാട്ടൂൽ വായനശാലയ്ക്കുസമീപം സ്ഥാപിച്ചിരുന്ന കടൽഭിത്തി പൊളിച്ചുമാറ്റിയ നടപടിക്കെതിരെ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരിക യാണ്. മണൽ കടത്ത് നടത്തുന്ന സ്ഥലങ്ങളിൽ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. മണൽ കടത്തിനെതിരെ കഴിഞ്ഞ രണ്ടു വർഷങ്ങളി ലായി 42 കേസ്സുകൾ പഴയങ്ങാടി പോലീസ് രജിസ്റ്റർ ചെയ്യുകയും നിരവധി വാഹനങ്ങൾ കണ്ടുകെട്ടി പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(6) <u>സ്വകാര്യ ബസ് റൂട്ടുകൾ നിറുത്തലാക്കുന്നത് സംബന്ധിച്ച്</u>

(ഈ വിഷയം സംബന്ധിച്ച് ശ്രീ.കെ.ടി. ജലീലും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ.കെ. മുഹമ്മദുണ്ണിഹാജി</u>: 31 റൂട്ടുകളിൽ സ്വകാര്യ ബസ്സുകളുടെ പെർമിറ്റ് ഘട്ടംഘട്ടമായി ഒഴിവാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനംമൂലം മോട്ടോർ വാഹന തൊഴിലാളികൾക്കും പൊതുജനങ്ങ ൾക്കും ഉണ്ടായിട്ടുള്ള ആശങ്ക ദൂരീകരിക്കാനും സർവ്വീസുകൾ റദ്ദാക്കാതിരി ക്കാനും നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി. തോമസ്)</u> : 31 റൂട്ടുകൾ 1965 മുതൽ 1968 വരെയുള്ള കാലഘട്ടത്തിൽ വിവിധ സപ്ളിമെന്റേഷൻ സ്കീമുകളിലൂടെ ദേശസാത്കരിച്ചവയാണ്. സ്വകാര്യ ബസ്സുകൾക്ക് ഈ റൂട്ടുകളിൽ പെർമിറ്റ് നൽകിവന്നിരുന്നു. ഈ റൂട്ടുകളിൽ നൽകിയിരിക്കുന്ന പെർമിറ്റ് നിയമവിരുദ്ധമാണെന്ന് ഹൈക്കോടതി ഉത്തരവിട്ടു. അതിനെതിരെ സുപ്രീംകോടതിയിൽ പെറ്റിഷൻ ഫയൽ ചെയ്തുവെങ്കിലും അനുകൂലമായ വിധി ഉണ്ടായിട്ടില്ല. ഹൈക്കോടതി ഉത്തര

വിന്റെ അടിസ്ഥാനത്തിൽ നിയമവിരുദ്ധമായി കൊടുത്തിട്ടുള്ള പതിനേഴായിരത്തോളം പെർമിറ്റുകൾ റദ്ദുചെയ്താൽ ജനങ്ങൾക്കുള്ള യാത്രാ സൗകര്യം നിലനിർത്തുന്നതു സംബന്ധിച്ച സാധൂകരണത്തിനുവേണ്ടിയാണ് പുതിയ വിജ്ഞാപനം ഇറക്കിയിട്ടുള്ളത്. ജനങ്ങളുടെ യാത്രാക്ളേശം പരിഹരിക്കുക എന്നതാണ് പ്രധാന ലക്ഷ്യമായി ഗവൺമെന്റ് കരുതുന്നത്. പ്രാഥമിക വിജ്ഞാപനത്തിനെതിരെ ലഭിച്ചുകൊണ്ടിരിക്കുന്ന പരാതികളിൻമേൽ ഗവൺമെന്റ് വിശദമായ പരിശോധന നടത്തി ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(7) <u>കോട്ടയം ജില്ലയിൽ പള്ളികൾ തകർക്കപ്പെട്ട സംഭവം</u>

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u> : കോട്ടയം ജില്ലയിലെ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളികൾ തകർത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> : കോട്ടയം ജില്ലയിലെ അമയല്ലൂർ, വടക്കൻമണ്ണൂർ എന്നീ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളികളിൽ കുരിശ്, ജനൽച്ചില്ലുകൾ എന്നിവ അടിച്ചുതകർത്തതിനെത്തുടർന്ന് ലഭിച്ച പരാതികളെ സംബന്ധിച്ച് അയർക്കുന്നം പോലീസ് സ്റ്റേഷനിൽ വിവിധ വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും പ്രതികളെക്കുറിച്ച് വിവരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 1 മുതൽ 5 വരെയുള്ള പ്രതികളുടെ ജാമ്യാപേക്ഷ കോടതിയുടെ പരിഗണനയിലാണ്. യാക്കോബായ വിഭാഗവും ഓർത്തഡോക്സ് വിഭാഗവും തമ്മിലുള്ള തർക്കങ്ങൾ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. എന്നാൽ ഇത്തരം തർക്കങ്ങൾ ആരാധനാലയങ്ങൾ തകർക്കുന്ന സ്ഥിതിയിലേയ്ക്ക് വരാൻ പാടില്ല. ഇക്കാര്യത്തിൽ കോട്ടയം

ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഊർജ്ജിതമായ അന്വേഷണം നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(8) ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടി

ശ്രീ. കെ. ബാബു: മൂന്നാറിലെ ഒന്നാം ഗ്രേഡ് സർവ്വേയർ ശ്രീ.എ. ഷാജഹാനെ സസ്പെൻഡ് ചെയ്തത് നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടാണോയെന്നും അദ്ദേഹത്തെ സർവ്വീസിൽ തിരിച്ചെടുത്തത് എന്ത് അടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കണം. ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഇടുക്കി ജില്ലയിലെ സർവ്വേയും ഭൂരേഖയും വകുപ്പിലെ സർവ്വേയറായ ശ്രീ. എ. ഷാജഹാനെതിരെ നടപടി കൈക്കൊണ്ടിട്ടുള്ളത് സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടർ ആണ്. സസ്പെൻഷനുമായും അത് റദ്ദ് ചെയ്തതുമായും ബന്ധപ്പെട്ട എല്ലാ വ്യവസ്ഥകളും നിയമപരമായി പാലിച്ചിട്ടുണ്ടെന്ന് സർവ്വേ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അത് ഭരണപരമായ നടപടി മാത്രമാണ്.

(9) ഡാമുകളിൽ ജീവനക്കാരുടെ അഭാവം

ശ്രീ. വി. ചെന്താമരാക്ഷൻ: പാലക്കാട് ജില്ലയിലെ ചിറ്റൂർ-ആലത്തൂർ താലൂക്കുകൾക്ക് പറമ്പിക്കുളം-ആളിയാർ കരാറടിസ്ഥാനത്തിലുള്ള വെള്ളം ലഭ്യമാക്കണം. കൊല്ലങ്കോട് മണ്ഡലത്തിലെ മീങ്കര-ചുള്ളിയാർ ഡാമുകളിൽ ജീവനക്കാരുടെ അഭാവം മൂലം ജലവിതരണം തടസ്സപ്പെടുന്നതിനാൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): മണക്കടവ് വിയർ വഴി ചിറ്റൂർ പുഴയിലേയ്ക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്. മീങ്കര-ചുള്ളിയാർ ഉൾപ്പെടുന്ന ഗായത്രീ പദ്ധതി പറമ്പിക്കുളം-ആളിയാർ കരാറിന്റെ പരിധിയിൽ വരാത്തതിനാൽ നിലവിലുള്ള അന്തർ സംസ്ഥാന കരാർ പ്രകാരം പറമ്പിക്കുളം-ആളിയാർ ജലം ലഭ്യമാക്കുവാൻ സാധ്യമല്ല. അതുകൊണ്ടുതന്നെ ആളിയാർ കരാറിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന വെള്ളമുപയോഗിച്ച് മീങ്കര-ചുള്ളിയാർ ഡാം നിറയ്ക്കുന്നത് അസാധ്യമാണ്. ഗായത്രീ പ്രോജക്ടിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ചിറ്റൂർപുഴ ജലസേചന പദ്ധതിയുടെ സബ്ഡിവിഷൻ-1-ന്റ കീഴിലാണ് വരുന്നത്. സബ്ഡിവിഷൻ-1-ന്റെ മേൽനോട്ടം വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്. ഗായത്രീ പദ്ധതിയുടെ കീഴിലുള്ള 3 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേയും 3 ഓവർസീയർമാരുടേയും തസ്തികകൾ കുറേക്കാലമായി ഒഴിഞ്ഞുകിടക്കുകയാണ്. അതിർത്തി പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഈ പ്രോജക്ടിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

(10) ട്രാൻസ്പോർട്ട് ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാകൂലിയിൽ ഇളവ്

ശ്രീ. അൽഫോൺസ് കണ്ണന്താനം: കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് ബസ്സുകളിലെപ്പോലെ ഐഡന്റിറ്റി കാർഡ് ഉപയോഗിച്ച് കൺസെഷൻ അനുവദിക്കുന്നതിനും ഫാസ്റ്റ് പാസഞ്ചറിൽ വിദ്യാർത്ഥികളെ കയറ്റുന്നതിന് ഇപ്പോഴുള്ള 40 കിലോ

മീറ്റർ ദൂരപരിധി 60 കിലോമീറ്ററായി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികളെ കയറ്റാത്ത പരാതികളാണ് സർക്കാരിന് കൂടുതലായി ലഭിക്കുന്നത്. സർക്കാർ സ്കൂളുകളിലേയും കോളേജുകളിലേയും വിദ്യാർത്ഥികൾക്ക് പുറമേ എയ്ഡഡ് സ്കൂളുകളിലേയും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിലേയും വിദ്യാർത്ഥികൾക്കും കേരളത്തിലെ യൂണിവേഴ്സിറ്റികളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലും സ്വാശ്രയ കോളേജുകളിലും പഠിക്കുന്ന റെഗുലർ വിദ്യാർത്ഥികൾക്കും കൺസെഷൻ നൽകി വരുന്നുണ്ട്. വിദ്യാർത്ഥി പഠിക്കുന്ന സ്കൂളിന്റെ മേലധികാരിയുടെ ശുപാർശയോടുകൂടി നിർദ്ദിഷ്ട ഫോറത്തിൽ താമസസ്ഥലത്തിനടുത്ത ഡിപ്പോയിൽ കൺസെഷൻ ടിക്കറ്റിന് അപേക്ഷിച്ചാൽ ലഭ്യമാകുന്നതാണ്. സിറ്റി, ടൗൺ, മൊഫ്യൂസിൽ സർവ്വീസുകളിൽ വിദ്യാർത്ഥികൾക്ക് യാത്ര ചെയ്യാവുന്നതാണ്. സാധാരണ ജൂൺ മുതൽ മാർച്ച് വരെയുള്ള അധ്യയന വർഷത്തേയ്ക്കാണ് കൺസെഷൻ ടിക്കറ്റ് വിതരണം ചെയ്യുന്നത്. ഇതിനുപുറമേ മാർച്ചുമാസം കഴിഞ്ഞ് നടത്തപ്പെടുന്ന ചില കോഴ്സുകൾക്കും സെമസ്റ്റർ അടിസ്ഥാനത്തിലുള്ള കോഴ്സുകൾക്കും കൺസെഷൻ ടിക്കറ്റ് ഇപ്പോൾ അനുവദിക്കുന്നുണ്ട്. എല്ലാ ഡിപ്പോകളിലും സബ്ഡിപ്പോകളിലും എല്ലാ പ്രവൃത്തി ദിവസങ്ങളിലും കൺസെഷൻ കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. കൺസെഷൻ സംബന്ധമായി വിദ്യാർത്ഥികൾക്ക് പരമാവധി ബുദ്ധിമുട്ട് ഒഴിവാക്കാൻ യൂണിറ്റ് അടിസ്ഥാനത്തിൽ ശ്രദ്ധിക്കു

ന്നുണ്ട്. വിദ്യാർത്ഥികളിൽ നിന്ന് ടിക്കറ്റ് നിരക്കിന്റെ 12% ആണ് കൺസെഷൻ ചാർജ്ജായി ഈടാക്കുന്നത്. തന്മൂലം പ്രതിവർഷം 46 കോടി രൂപയുടേയും ഇതര വിഭാഗങ്ങൾക്ക് യാത്രാസൗജന്യം നൽകുന്നതുവഴി 71.92 കോടി രൂപയുടേയും ബാധ്യത കെ.എസ്.ആർ.ടി.സി.ക്ക് ഏറ്റെടുക്കേണ്ടി വരുന്നു. ജനങ്ങളുടെ പ്രസ്ഥാനമായ കെ.എസ്.ആർ.ടി.സി. 14.5% പലിശയ്ക്ക് കടമെടുത്താണ് ഇതിനാവശ്യമായ പണം കണ്ടെത്തുന്നത്. വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(11) <u>കൃഷി വകുപ്പ് നൽകിയ വിത്തുപയോഗിച്ച കർഷകർക്കുണ്ടായ നഷ്ടം</u>

<u>ശ്രീ. വർക്കല കഹാർ:</u> നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് നൽകിയ വിത്തുപയോഗിച്ച് നെൽകൃഷി ചെയ്ത കർഷകർക്കുണ്ടായ നഷ്ടം കണക്കിലെടുത്ത് അവർക്ക് നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ</u>): ജനകീയാസുത്രണ പദ്ധതി പ്രകാരം പുളിമാത്ത് ബ്ലോക്കിലെ നെൽകർഷകർക്കാവശ്യമായ വിത്ത് ലഭ്യമാക്കാൻ കേരള സംസ്ഥാന സീഡ് അതോറിറ്റിയോട് നിർദ്ദേശിച്ചതിനെത്തുടർന്ന് കർഷകർ ആവശ്യപ്പെട്ടയിനം വെള്ള അരിയുടെ നെൽവിത്ത് സ്റ്റോക്കില്ലാത്തതിനാൽ സംസ്ഥാന സീഡ് അതോറിറ്റി ആന്ധ്രാപ്രദേശിൽ നിന്നും. ഏതാണ്ട് 662.770 ടണ്ണോളം എം.ടി.യു 10:10 ഇനം നെൽവിത്ത് വാങ്ങി വിതരണം ചെയ്തു. എന്നാൽ കാലാവസ്ഥ വ്യതിയാനവും മണ്ണിന്റെ ഘടനമൂലവും 60 ദിവസങ്ങൾക്കുശേഷം കതിർ

വന്നതിനാൽ കൃഷിക്കാർ ബുദ്ധിമുട്ടിലായി. പ്രസ്തുത വിഷയം കാർഷികോൽപ്പാദന കമ്മീഷണർ, കൃഷി വകുപ്പ് സെക്രട്ടറി, കൃഷി വകുപ്പ് ഡയറക്ടർ, സംസ്ഥാന സീഡ് അതോറിറ്റി ജോയിന്റ് ഡയറക്ടർ എന്നിവരുമായി വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 25-11-2008-ന് ജോയിന്റ് ഡയറക്ടർ പ്രസ്തുത സ്ഥലം സന്ദർശിച്ചു. ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായാൽ ഉടൻതന്നെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(12) <u>അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം</u>

<u>ശ്രീ. പള്ളിപ്രം ബാലൻ:</u> കാസർഗോഡ് ജില്ലയിൽപ്പെട്ട കാഞ്ഞങ്ങാട്, നീലേശ്വരം, ചെറുവത്തൂർ എന്നീ റെയിൽവേ സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം. റെയിൽവേ സ്റ്റേഷനുകളിലേയ്ക്കുവരുന്ന റോഡുകളുടെ ശോചനീയാവസ്ഥയും പരിഹരിക്കണം.

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> ഹോസ്ദുർഗ് മണ്ഡലത്തിൽപ്പെട്ട കാഞ്ഞങ്ങാട്, നീലേശ്വരം, ചെറുവത്തൂർ റെയിൽവേ സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകളെക്കുറിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി നീലേശ്വരം സ്റ്റേഷനിൽ ഒരു ഫുട്ട് ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനുള്ള വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ചെറുവത്തൂർ സ്റ്റേഷനിൽ ഒരു ലോ ലെവൽ പ്ലാറ്റ്ഫോമിനും കാഞ്ഞങ്ങാട്ട് റെയിൽവേ സ്റ്റേഷനിൽ ഒരു സർക്കുലർ പ്ലാറ്റ്ഫോം ഷെൽട്ടറിനുമുള്ള ടെണ്ടർ

നടപടികളായിട്ടുണ്ട്. പ്ലാറ്റ്ഫോമിന്റെ നീളം കൂട്ടുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(13) കൊരട്ടി റെയിൽവേ സ്റ്റേഷൻ മേൽപ്പാലങ്ങളുടെ നിർമ്മാണം

ശ്രീ. ബി.ഡി. ദേവസ്സി: 2002-ൽ നിർമ്മാണം ആരംഭിച്ച കൊരട്ടി റെയിൽവേ സ്റ്റേഷൻ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ കാരണം സ്തംഭിച്ചു. ഇപ്പോൾ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിച്ചുവെങ്കിലും മേൽപ്പാലത്തിന്റെ പണി ആരംഭിച്ചിട്ടില്ല. ആവശ്യമായ ഫണ്ട് ലഭ്യമാക്കി കൊരട്ടി റെയിൽവേ മേൽപ്പാലത്തിന്റെ പണി പുനരാരംഭിച്ച് നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): 28-10-2003-ൽ ആരംഭിച്ച കൊരട്ടി റെയിൽവേ മേൽപ്പാലത്തിന്റെ പ്രവൃത്തികൾ ഇടയ്ക്കു വച്ച് മുടങ്ങിയപ്പോൾ ഗവൺമെന്റ് ഇടപെട്ട് വൈദ്യുതി ലൈനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചു. അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 8 കോടി രൂപയെങ്കിലുമാവശ്യമുണ്ട്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പുമായി ചർച്ച ചെയ്തതിനുശേഷം മേൽപ്പാലത്തിന്റെ നിർമ്മാണ കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. പുതിയ പാലങ്ങൾക്കുവേണ്ടി പൊതുമരാമത്ത് വകുപ്പ് മുഖേന റോഡ്സ് ആന്റ് ബ്രിഡ്ജസിന് റെയിൽവേ വകുപ്പ് 200 കോടി രൂപയുടെ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിൽ കൊരട്ടി ആർ.ഒ.ബി.യുടെ അവശേഷിക്കുന്ന പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം കൊണ്ട് അത് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(14) <u>കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. എ.പി. അനിൽകുമാർ:</u> കരുവാരക്കുണ്ട് പഞ്ചായത്തിലെ ഭൂരിഭാഗം കൃഷിയിടങ്ങളും സൈലന്റ്വാലിയുമായി ബന്ധപ്പെട്ട സ്ഥലങ്ങളാണ്. കാട്ടാനകളുടെ ശല്യംകാരണം കൃഷി പൂർണ്ണമായി നശിക്കുന്നതിനാൽ കർഷകർ പ്രയാസം അനുഭവിക്കുകയാണ്. കഴിഞ്ഞ രണ്ട് വർഷംകൊണ്ട് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമാണുണ്ടായത്. സൈലന്റ്വാലി, കരുവാരക്കുണ്ട് പഞ്ചായത്തുകളെ തമ്മിൽ വേർതിരിക്കുന്ന ട്രെഞ്ച്/ഫെൻസിംഗ് സംവിധാനം ഏർപ്പെടുത്തുകയും കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുകയും ചെയ്യണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം):</u> ഇതുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ എം.എൽ.എ.മാരുടെയും ഉദ്യോഗസ്ഥരുടെയും ഒരു സംയുക്ത യോഗം വിളിച്ചിരുന്നു. പ്രസ്തുത വിഷയത്തിന്മേൽ പരിഹാരം കാണുന്നതിന് ഗവൺമെന്റ് ഫണ്ട് മാത്രം കൊണ്ട് സാധിക്കുകയില്ല. അതിനാൽ എൻ.ആർ.ഇ.ജി. ഫണ്ട് ഉപയോഗിച്ച് ട്രെഞ്ച് കുഴിക്കുന്ന കാര്യം ചർച്ചയിൽ ഉയർന്നിരുന്നു. പ്രസ്തുത സ്ഥലം ഒരു ആനത്താരയാണ്. അവിടെ സർവേ പൂർത്തിയാക്കി എൻ.ആർ.ഇ.ജി. ഫണ്ടുപയോഗിച്ച് ട്രെഞ്ച് കുഴിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. കാളികാവ്, മൂത്തേടം, കരുളായി, ചോക്കോട്, അമരമ്പലം തുടങ്ങിയ പ്രദേശങ്ങളിൽ സോളാർ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. സർവേ പൂർത്തിയായാൽ മാത്രമേ വീണ്ടും മുന്നോട്ട് നീങ്ങാൻ സാധിക്കുകയുള്ളൂ.

(15) <u>പാഡികളുടെ അറ്റകുറ്റപണി</u>

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> തോട്ടം തൊഴിലാളികൾ താമസിക്കുന്ന പാഡികളുടെ അറ്റകുറ്റപ്പണികൾ നടത്താൻ പ്ലാന്റേഷൻ ഫണ്ടിൽ നിന്ന്

പരമാവധി 5000 രൂപ നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അനുവാദം നൽകണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി): തോട്ടം തൊഴിലാളി കുടുംബങ്ങൾക്കാവശ്യമായ താമസ സൗകര്യം 1951-ലെ പ്ലാൻഷേൻ ലേബർ ആക്റ്റിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുടെ ഭവനങ്ങൾ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് റിപ്പയർ ചെയ്യാൻ സാധിക്കുകയുള്ളൂ. തോട്ടം തൊഴിലാളികൾ താമസിക്കുന്ന പാഡികൾ തോട്ടമുടമകളുടേതായതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവ റിപ്പയർ ചെയ്തു കൊടുക്കാൻ സാധ്യമല്ല. തൊഴിലുടമകൾ തന്നെ റിപ്പയർ ചെയ്തു കൊടുക്കണം.

(16) മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. സി. വേണുഗോപാൽ : തീരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ, സഹകരണ ബാങ്ക്, മത്സ്യഫെഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്ത വായ്പകൾ തിരിച്ചടയ്ക്കാത്തതിനാൽ ജപ്തി ഭീഷണിയിലാണ്. കേന്ദ്ര കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വരാത്ത ചില ഇനങ്ങളെ സംസ്ഥാന കടാശ്വാസ കമ്മീഷനിൽ ഉൾപ്പെടുത്തുമെന്ന് പറഞ്ഞതിൽ ക്ലാരിറ്റി വരുത്തുകയും അതിലൊരു തീരുമാനമുണ്ടാകുന്നതുവരെ അവരുടെ വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്യണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : കേരളത്തിന്റെ സമ്പദ്ഘടനയിൽ മത്സ്യമേഖല പ്രധാനപ്പെട്ട പങ്ക്

വഹിക്കുന്നു. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിതം കഷ്ടപ്പാടുകൾ നിറഞ്ഞതാണ്. മത്സ്യ ലഭ്യതയിലനുഭവപ്പെടുന്ന ദൗർലഭ്യവും മത്സ്യബന്ധനോപകരണങ്ങളും യാനങ്ങളും വാങ്ങാനായി വായ്പ വാങ്ങി വർഷങ്ങളായി തിരിച്ചടയ്ക്കാനാകാതെ വന്നിട്ടുള്ള കടബാദ്ധ്യതയും സുനാമി ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങളാൽ മത്സ്യബന്ധനോപകരങ്ങൾക്കും മറ്റുപകരണങ്ങൾക്കും കേടുപാടുകൾ സംഭവിക്കുകയും നഷ്ടപ്പെടുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ കടത്തിലായ തൊഴിലാളികൾക്ക് ആശ്വാസം നൽകാനാണ് കടാശ്വാസ കമ്മീഷനെ നിയമിക്കാൻ നിശ്ചയിച്ചത്. കടബാദ്ധ്യതമൂലം ദുരിതത്തിലായ തൊഴിലാളികൾക്ക് ദുരിതാശ്വാസം നൽകാനും അവരുടെ ദുരിതങ്ങൾ പരിഹരിക്കാനും വേണ്ടിയിട്ടുള്ള കടാശ്വാസ ബിൽ 2007-ൽ നിയമസഭയിൽ അവതരിപ്പിക്കുകയും അതിൻപ്രകാരം സഭ നിയോഗിച്ച സെലക്ട് കമ്മിറ്റി സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ സിറ്റിംഗ് നടത്തി ജപ്തി, തിരികെ പിടിക്കൽ നടപടികളെല്ലാം നിറുത്തിവയ്ക്കാൻ ഫിഷറീസ് ഡയറക്ടറോട് അഭ്യർത്ഥിക്കുകയും ചെയ്തു. അടിയന്തിരനടപടി എന്ന നിലയ്ക്ക് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളിൽനിന്നും എടുത്ത വായ്പകൾ എഴുതിത്തള്ളാനും തുടർന്നുവരുന്ന ജപ്തി നടപടികളുൾപ്പെടെയുള്ള റിക്കവറികൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കാനും 02-11-2007-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് വിജ്ഞാപനം ഇറക്കിയെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ജപ്തി നോട്ടീസുകൾ അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ കടാശ്വാസ കമ്മീഷൻ നിലവിൽവന്ന് പ്രവർത്തനം സാധാരണഗതിയിലാകുംവരെ മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക്

സർക്കാർ പ്രഖ്യാപിച്ച മോറട്ടോറിയത്തിന്റെ കാലാവധി ദീർഘിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(17) സ്റ്റേഡിയം നിർമ്മാണം

പ്രൊഫ. എൻ. ജയരാജ് : സ്വന്തമായി ഭൂമിയുള്ള കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ജി.എച്ച്.എസ്. സ്റ്റേഡിയം വിപുലീകരിക്കണം. എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 5 ലക്ഷം രൂപ അനുവദിച്ചതിനുപുറമേ ഗവൺമെന്റിൽനിന്നുകൂടി ധനസഹായം നൽകി കായിക കേരളത്തിന് ധാരാളം ആളുകളെ സംഭാവന ചെയ്യാൻ കഴിയുന്ന മലയോര മേഖലയിലെ സ്റ്റേഡിയം വിപുലീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : 'ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു പഞ്ചായത്തിൽ ഒരു നീന്തൽക്കുളം' എന്ന പദ്ധതിപ്രകാരം ഈ സർക്കാർ അധികാരത്തിൽവന്നശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്കായി നാല് കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ വിവിധ സ്റ്റേഡിയങ്ങൾക്കും ഇൻഡോർ സ്റ്റേഡിയങ്ങൾക്കുമായി അഞ്ച് കോടിയോളം രൂപ നൽകിയിട്ടുണ്ട്. കുന്നുംഭാഗം ജി. എച്ച്. എസ്. സ്പോർട്ട്സ് രംഗത്ത് ഒട്ടനവധി കായിക പ്രതിഭകളെ സംഭാവന ചെയ്തിട്ടുള്ള സ്ഥാപനമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സ്കൂളിന് ലഭ്യമായ ഒന്നര ഏക്കർ സ്ഥലത്ത് കളിസ്ഥലം നിർമ്മിക്കേണ്ടത് കായിക വികസനത്തിന് ആവശ്യമാണ്. എന്നാൽ അവിടെ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള അപേക്ഷ

ഇതുവരെ കായികയുവജനക്ഷേമ വകുപ്പിന് ലഭിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്റ്റേഡിയം നിർമ്മിക്കാനുള്ള അടിയന്തിരസഹായം നൽകുന്നതാണ്.

(18) മലപ്പുറത്ത് അലിഗർ സർവ്വകലാശാലയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ : മലപ്പുറത്ത് അലിഗർ മുസ്ലീം സർവ്വകലാശാല കാമ്പസ് തുടങ്ങുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് പണി പൂർത്തീകരിക്കുന്നതിന് അടയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : അലിഗർ മുസ്ലീം സർവ്വകലാശാല കാമ്പസ് തുടങ്ങാനാവശ്യമായ സ്ഥലം മലപ്പുറം ജില്ലയിൽ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. താമസിയാതെ മന്ത്രിതലത്തിൽ ചർച്ച ചെയ്ത് സ്ഥലം കണ്ടെത്തുന്നതിനുള്ള തീരുമാനമെടുക്കുന്നതാണ്.

(19) പട്ടയം ലഭ്യമാക്കുന്നത് സംബന്ധിച്ച്

ശ്രീ. രാജു എബ്രഹാം : പത്തനംതിട്ട ജില്ലയിലെ ഏഴായിരത്തോളം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാൻ മൂന്ന് ഉന്നതതല കോൺഫറൻസുകൾ വനം/റവന്യൂ വകുപ്പുമന്ത്രിമാർ വിളിച്ചുചേർത്തെങ്കിലും വനംവകുപ്പിൽനിന്നും ഭൂമി മടക്കിക്കിട്ടിയെങ്കിൽ മാത്രമേ പ്രശ്നം പരിഹരിക്കാൻ കഴിയൂ. കമ്പക്കല്ല് ഭൂമി ഈ ആവശ്യത്തിന് ലഭ്യമാക്കാൻ തീരുമാനമെടുത്തുവെങ്കിലും അത് നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഇക്കാര്യത്തിൽ അടിയന്തിര തീരുമാനമെടുക്കുകയും ഭൂമി ഡിസ്റിസർവ്വ് ചെയ്തുകൊണ്ട് ആ ഭൂമിയിലെ മരം മുറിക്കാനുള്ള അവകാശം കൃഷിക്കാർക്ക് കിട്ടാനുള്ള നടപടിയും സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : വളരെ വർഷങ്ങളായി നിലനിൽക്കുന്ന ഒരു പ്രശ്നമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേന്ദ്ര വനംനിയമത്തിന്റെ പരിധിയിൽപ്പെട്ട വിഷയമായതിനാൽ കേന്ദ്ര അനുമതിക്ക് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കമ്പക്കല്ല് ഭൂമിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് കൃഷിക്കാർക്ക് പട്ടയം കൊടുക്കാനാകുമോ എന്ന കാര്യം ഗവൺമെന്റ് തീർച്ചയായും പരിശോധിക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിനെയും 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബില്ലിനെയും 2008-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിനെയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(3) 2008-ലെ കേരള സഹകരണസംഘം (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) 2008-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല (ഭേദഗതി) ബില്ലിനെയും 2008-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (രണ്ടാം ഭേദഗതി) ബില്ലിനെയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(5) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(6) പൊതുമേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അമ്പത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**ധനകാര്യം**

2008-09-ലെ ബഡ്ജറ്റിലെ ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**നിയമനിർമ്മാണകാര്യം**

(1) 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട്

കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): 1986-ൽ കേരള നിയമസഭ കേരള വാട്ടർ സപ്ലൈ ആന്റ് സ്വിവറേജസ് ആക്ട് പാസ്സാക്കുമ്പോഴുള്ള സാഹചര്യങ്ങളിൽ നിന്ന് വ്യത്യസ്തമായി ഡ്രിങ്കിംഗ് വാട്ടറിനും പൈപ്പ്ഡ് വാട്ടറിനുമുള്ള ഡിമാന്റ് ജനസംഖ്യയിലുള്ള വർദ്ധനവും വ്യാവസായിക വാണിജ്യ രംഗത്തെ വളർച്ചയും കാരണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ ജലത്തിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനും ദുരുപയോഗം തടയുന്നതിനും ജല മോഷണം, അനധികൃതമായിട്ടുള്ള കണക്ഷനുകൾ എന്നിവ കർശനമായി നിയന്ത്രിക്കുന്നതിനുംവേണ്ടി കർശനമായ ശിക്ഷാ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് നിലവിലുള്ള നിയമം ഭേദഗതി ചെയ്യണമെന്ന താൽപര്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലൊരു നിയമനിർമ്മാണം നടത്താൻ തയ്യാറായത്. വാട്ടർ അതോറിറ്റിവഴി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗണ്യമായ അംശം വിതരണനഷ്ടം, ജലമോഷണം, മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയുടെ ഫലമായി സംസ്ഥാനത്തിനും കേരള വാട്ടർ അതോറിറ്റിക്കും നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള നിയമത്തിൽ ജനറൽ പീനൽ പ്രൊവിഷൻ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോ കുറ്റത്തിനും കർശനമായ നടപടികളോ പ്രത്യേകമായ ശിക്ഷാവിധികളോ ഇല്ല. പ്ലമ്പർമാർ ഗുണനിലവാരം ഇല്ലാത്ത പൈപ്പുകൾ ഉപയോഗിക്കുന്നതുമൂലമുള്ള പ്രശ്ന

ങ്ങളും പൊതുടാപ്പുകളുടെ ദുരുപയോഗവും വൻകിട ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് വലിയ അളവിലുള്ള ജലവിനിയോഗവും തടയുന്നതിന് ഒരു നിയന്ത്രണം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പൈപ്പ്ലൈൻ കടന്നു പോകുന്ന ഭൂമിയിലുള്ള അനധികൃതമായ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ അധി കാരം നൽകുന്നതടക്കമുള്ള ഭേദഗതികൾ ഇപ്പോൾ കൊണ്ടുവരുന്ന നിയമ ത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വാണിജ്യമേഖലയുമായി ബന്ധപ്പെട്ട് ബോട്ടിൽഡ് വാട്ടർ നിർമ്മാണമേഖലയിലേക്ക് കടന്നുചെല്ലാനുള്ള വ്യവസ്ഥകളുൾപ്പെടെ വാട്ടർ അതോറിറ്റിയുടെ ഡൈവേഴ്സിഫിക്കേഷനുള്ള വ്യവസ്ഥകൾ ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കാലോചിതമായി വളരെ അനിവാര്യം എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സമയോചിതമായ നടപടി സ്വീകരിക്കേണ്ടതാണ് എന്ന നിലയിൽ കർശനമായ ശിക്ഷാ വിധികളോടുകൂടി ജലമോഷണവും പൊതുടാപ്പുകളുടെ ദുരുപയോഗവും തടയുന്നതിനും ഫ്ളാറ്റുകളുടേയും കെട്ടിട സമുച്ചയങ്ങളുടേയും വെള്ളം ഊറ്റൽ പരിമിതപ്പെടുത്തുന്നതിനും അതുവഴി പ്രദേശവാസികൾക്ക് ബുദ്ധി മുട്ടുണ്ടാക്കാത്ത തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതിനും സ്വിവറേജ് സിസ്റ്റത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതുൾപ്പെടെ വ്യക്തമായ ഭേദഗതികളാണ് ഈ ബില്ലിൽ നിഷ്ക്കർഷിച്ചിട്ടുള്ളത്. ഈ പ്രമേയം അംഗീ കരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. പി.സി.വിഷ്ണുനാഥ്: I move that –This House resolves to disapprove The Kerala Water Supply and Sewerage (Amendment) Ordinance, 2008 (Ordinance No.30 of 2008). ഈ ബില്ലിന്റെ ഉദ്ദേശകാര ണങ്ങളുടെ വിവരണത്തിൽ 1986-ലെ കേരള ജലവിതരണവും

അഴുക്കുചാലും സംബന്ധിച്ച ആക്ട് നിർമ്മിച്ച സമയത്ത് ജലവിതരണത്തിന് വേണ്ടത്ര ആവശ്യകത ഉണ്ടായിരുന്നിട്ടില്ലാത്തതിനാലും ജലത്തിന്റെ മോഷണവും ദുരുപയോഗവും അനധികൃത കണക്ഷനും കൈകാര്യം ചെയ്യുന്നതിനും ആക്ടിൽ വ്യവസ്ഥകളില്ലാത്തതിനാൽ അന്ന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാനായില്ലെന്നും അത്തരം സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആക്ടിൽ ചില മാറ്റങ്ങൾ വരുത്തുന്നതിനായിട്ടാണ് ഈ നിയമം കൊണ്ടുവരുന്നതെന്ന് പറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇത്തരമൊരു സാഹചര്യം നിലനിൽക്കുന്നതായി സമ്മതിക്കുമ്പോൾ തന്നെയാണ് നെയ്യാറിൽ നിന്ന് തമിഴ്നാടിന് വെള്ളം കൊടുക്കാമെന്ന് കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് ഏകപക്ഷീയമായി ഉറപ്പുനൽകിയത്. 2003-ൽ നിയമസഭ പാസ്സാക്കിയ ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് നിലനിൽക്കുമ്പോഴാണ് തമിഴ്നാട് സർക്കാർ വെള്ളം ആവശ്യപ്പെടാതിരുന്നിട്ടുപോലും കേരളത്തിന്റെ മുഖ്യമന്ത്രി ഏകപക്ഷീയമായി നെയ്യാറിലെ ജലം തമിഴ്നാടിന് വിട്ടുകൊടുക്കാൻ തീരുമാനിച്ചത്. ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം ഇത്തരത്തിൽ തീരുമാനമെടുക്കണമെങ്കിൽ സംസ്ഥാന നിയമസഭ പ്രമേയം പാസ്സാക്കണം. പക്ഷേ പ്രമേയം പാസ്സാക്കാതെ വെള്ളം വിട്ടുകൊടുക്കാൻ തീരുമാനിച്ചത് ഒരു ഡിപ്ളൊമാറ്റിക് സ്റ്റേറ്റ്സ്മാൻഷിപ്പ് എന്നാണ് മുഖ്യമന്ത്രി പ്രസംഗിച്ചപ്പോൾ പറഞ്ഞത്. കേരളം നെയ്യാറിൽനിന്ന് തമിഴ്നാടിന് വെള്ളം കൊടുക്കാൻ തീരുമാനിച്ചാൽ മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ ചില വിട്ടു വീഴ്ചയ്ക്ക് തയ്യാറായി തമിഴ്നാട് സർക്കാർ മുന്നോട്ട് വരുമെന്നും പറഞ്ഞു. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ തമിഴ്നാട് സർക്കാർ വിട്ടുവീഴ്ചയ്ക്ക് തയ്യാറായില്ല എന്നു മാത്രമല്ല, നെയ്യാർ അന്തർ സംസ്ഥാന നദി എന്നാണ്

തമിഴ്നാട് സർക്കാർ ഉന്നയിക്കുന്നത്. ഈ സാഹചര്യത്തിൽ അത് പുതിയൊരു തർക്കത്തിനുകൂടി കാരണമായി. കേരളത്തിന് പൂർണ്ണമായി അവകാശപ്പെട്ട നെയ്യാറിന്റെ കാര്യത്തിൽപോലും മന്ത്രിസഭയ്ക്ക് വീഴ്ചപറ്റി. കേന്ദ്രം കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നില്ല എന്നുപറയുന്നവർക്ക് സംസ്ഥാനത്തെ ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻ കഴിയുന്നില്ല. തിരുവനന്തപുരം കോർപ്പറേഷനിലെ സ്വീവേജ് സംവിധാനത്തിൽ ജനസംഖ്യ യുടെ മൂന്നിലൊന്നുപോലും ഉൾപ്പെട്ടിട്ടില്ല. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്വീവേജ് സംവിധാനം വിപുലപ്പെടുത്താൻ കഴിഞ്ഞില്ലെ ങ്കിൽ പുതിയ നിയമംകൊണ്ട് ഒരു മാറ്റവും ഉണ്ടാക്കാൻ കഴിയില്ല. വാട്ടർ മീറ്റർ റീഡിംഗ് സംവിധാനം ഓരോ മാസവും നടപ്പാക്കാതെ മോഷണം തടയാൻ കഴിയില്ല. ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കണമെന്നുള്ളത് ഗവൺമെന്റിന്റെ പരമപ്രധാനമായ ഉത്തരവാദിത്വമാണ്. വെള്ളക്കരം വർദ്ധിപ്പിച്ചപ്പോൾ കേരളത്തിലെ ബി.പി.എൽ.-കാരെ ഒഴിവാക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും ബഹുഭൂരിപക്ഷംവരുന്ന സാധാരണക്കാർക്ക് 90 മുതൽ 135 ശതമാനം വരെയാണ് വർദ്ധനവ് വരുത്തിയിരിക്കുന്നത്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർ ഉപയോഗിക്കുന്ന പൊതുടാപ്പിന്റെ വാട്ടർചാർജ്ജ് ഇരട്ടിയാക്കി. വാട്ടർ അതോറിറ്റിക്ക് വരവിനേക്കാൾ കൂടുതൽ ചെലവുണ്ട് 774 കോടി രൂപ ഇപ്പോഴും വൈദ്യുതിബോർഡിന് കുടിശ്ശിക ഇനത്തിൽ നൽകാനുമുണ്ട്. വൈദ്യുതി ചാർജ്ജ് കൂട്ടിയതുകൊണ്ടാണ് വെള്ളക്കരം വർദ്ധിപ്പിക്കേണ്ടിവന്നത് എന്നാണ് വകുപ്പുമന്ത്രി പറയുന്നത്. വൈദ്യുതി ചാർജ് ഇനത്തിൽ നൽകാനുള്ള 774 കോടി രൂപയിൽ 250 കോടി രൂപ ഒഴികെ ബാക്കി വൈദ്യുതി ബോർഡ് എഴുതിത്തള്ളിയിട്ടും വെള്ളക്കരം 135

ശതമാനം വർദ്ധിപ്പിച്ചിരിക്കുകയാണ്. വാട്ടർ ചാർജ്ജ് കുറയ്ക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടായിട്ടും അത് കുറയ്ക്കാതെ ജനങ്ങളുടെമേൽ അധിക ബാധ്യത അടിച്ചേൽപ്പിച്ച് ഗുരുതരമായ സാഹചര്യം ഇവിടെ ഉണ്ടെന്ന് വരുത്തിത്തീർക്കാനാണ് ഈ ഭേദഗതി ബില്ലിലൂടെ ശ്രമിച്ചിരിക്കുന്നത്. ഇവിടെ വാട്ടർ മീറ്റർ റീഡിംഗ് കൃത്യമായി നടത്തുന്നില്ല. ഒരു മുനിസിപ്പാലി റ്റിയിൽപ്പോലും സ്വീവേജ് പ്രശ്നം പരിഹരിക്കാനാകാത്ത സാഹചര്യത്തിൽ ഈ ബില്ലിന് എന്ത് അർജൻസിയാണുള്ളത് എന്ന് മനസ്സിലാകുന്നില്ല. ബില്ല് മുഖേന അപകടകരമായ നിയമലംഘനത്തിന് സർക്കാർതന്നെ മുന്നോട്ടു വരുന്നത് ശരിയായ നടപടിയല്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു. വാട്ടർ ഇഷ്യൂസ് കേരളത്തെ സംബന്ധിച്ച് സുപ്രധാനമാണ്. വെള്ളത്തിന്റെ കുത്തൊഴുക്കുമൂലം ഭൂമിയിൽ ജലം നിൽക്കുന്നില്ലെങ്കിലും ചിറാപുഞ്ചി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. ഇവിടെയുള്ള ജലം മലിനപ്പെട്ടുപോകുന്ന ഗുരുതരമായ അവസ്ഥയ്ക്ക് പരിഹാരം കാണാൻ ഈ നിയമം ഫലപ്രദമാകുന്നില്ല. വാട്ടർചാർജ്ജ് വർദ്ധനവിന് കാരണം വെള്ളത്തിന്റെ ഉൽപ്പാദനച്ചെലവ് കൂടിയതാണെന്ന് പറയുന്നത് ശരിയല്ല. 35 ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ജീവൽ പ്രശ്ന മായ മുല്ലപ്പെരിയാർ പ്രശ്നത്തിന് ഇതുവരെയും പരിഹാരമുണ്ടായിട്ടില്ല. പറമ്പിക്കുളം-ആളിയാർ എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടും പുതുക്കാൻ കഴിഞ്ഞിട്ടില്ല. തമിഴ്നാടുമായി ചർച്ചചെയ്ത് തീരുമാനമെടുക്കുന്ന സമയത്ത് കേരളത്തിലെ വാട്ടർ ഇഷ്യൂസ് എല്ലാംകൂടി ഒരുമിച്ച് ചർച്ചചെയ്യണ മെന്ന് കേരളാ ഗവൺമെന്റ് ആവശ്യപ്പെടണമായിരുന്നു. ഭവാനിപ്പുഴയിൽ തടയണ കെട്ടിയെങ്കിലും അതിനെതിരെ തമിഴ്നാട് കേസിനുപോയതിനാൽ

നമുക്ക് ഒരിഞ്ച് മുന്നോട്ടുപോകാൻ പറ്റിയില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ ഫലപ്രദമായ നടപടിയെടുക്കുകയാണെങ്കിൽ പ്രതിപക്ഷം ആ നടപടിയെ പരിപൂർണ്ണമായി സ്വാഗതം ചെയ്യും. കേരളത്തെ സംബന്ധിച്ച് പല കാരണങ്ങൾകൊണ്ടും സ്വീവേജ് പ്രശ്നം പൂർണ്ണായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. വേമ്പനാട് കായൽ, മീനച്ചിൽ നദി, ശാസ്താംകോട്ട കായൽ തുടങ്ങിയവ മാലിന്യവിമുക്തമാക്കാനുള്ള നടപടി സ്വീകരിക്കണം. വാട്ടർ അതോറിറ്റിക്ക് വെള്ളത്തിന്റെ സാമ്പിൾ പരിശോധിക്കുന്നതിനുള്ള അറേഞ്ച്മെന്റ്സ് പരിമിതമായതുകൊണ്ട് ഉള്ള കിണറുകളെങ്കിലും മാലിന്യവിമുക്തമാക്കുന്നതിന് നടപടി സ്വീകരിക്കണം. ശുദ്ധജല തടാകങ്ങളേയും മറ്റും മന:പൂർവ്വം മലിനപ്പെടുത്തുന്ന, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ആളുകളെ ക്രിമിനൽകുറ്റത്തിന് വിധേയരാക്കുകയും അവർക്കെതിരെ ശക്തമായ നിയമനടപടികൾ കൈക്കൊള്ളുകയും വേണം. വാട്ടർ അതോറിറ്റിയുടെ 1071 പദ്ധതികൾ പഞ്ചായത്തുകൾക്ക് കൈമാറുന്നതിനുവേണ്ടി ഐഡന്റിഫൈ ചെയ്ത് മാറ്റി വച്ചുവെങ്കിലും നടപ്പിലാക്കാൻ സാധിച്ചില്ല. ഈ സ്കീമുകൾ പഞ്ചായത്തിലേക്ക് മാറ്റുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കണം. വാട്ടർ അതോറിറ്റിയ്ക്ക് ലോക്കൽ സെൽഫ് ഗവൺമെന്റുകളിൽനിന്നും 600 കോടി രൂപയും അതുപോലെ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ധാരാളം കുടിശ്ശിക കിട്ടാനുണ്ട്. വാട്ടർ അതോറ്റി ഇലക്ട്രിസിറ്റി ബോർഡിനും പണം കൊടുക്കാനുണ്ട്. വാട്ടർ അതോറിറ്റിക്ക് കിട്ടാനുള്ള പണം പിരിച്ചെടുക്കുന്നതിന് ഒരു സംവിധാനമുണ്ടായാൽ തന്നെ ഇതിനൊരു പരിഹാരമുണ്ടാകും. വെള്ളത്തിന്റെ ചാർജ്ജ് 138 ശതമാനം വരെ വർദ്ധിപ്പിച്ച സമയത്ത് ബി.പി.എൽ. വിഭാഗത്തെ

ഒഴിവാക്കിയെന്നാണ് പറഞ്ഞത്  ബി.പി.എൽ കണക്ഷൻ എന്നുപറയുന്ന ഒരു കണക്ഷൻ സിസ്റ്റം വാട്ടർ അതോറിറ്റിയിൽ ഉണ്ടോയെന്ന് ഗവൺമെന്റ് പരിശോധിക്കണം.  പമ്പയാറിലെ മാലിന്യം മാറ്റുന്നതിന് നടപടി വേണം. പമ്പയാറിലെ വെള്ളത്തിൽ  കോളിഫോം ബാക്ടീരിയയുടെ കണ്ടന്റ് വളരെ ക്കൂടുതൽ ഉണ്ടെന്നാണ് സ്വകാര്യ കണ്ടുപിടിത്തത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത്.  ഇതിനെ സംബന്ധിച്ച് പരിശോധന നടത്തി ആവശ്യമായ നടപടി സ്വീകരിക്കണം.    . ഗംഗാ ആക്ഷൻ പ്ലാൻ മാതൃകയിൽ  പമ്പാ ആക്ഷൻ പ്ലാൻ നടപ്പിലാക്കി  മലിനീകരണം പൂർണ്ണമായി  തടയണം.  .  ജലചൂഷണം അമിതമായി നടക്കുന്ന പ്ലാച്ചിമടയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. പ്ലാച്ചിമടയിലെ പാവപെട്ട ജനങ്ങൾ ഖരമാലിന്യം കൊണ്ടും ജലത്തിന്റെ മാലിന്യം കൊണ്ടും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിൽനിന്ന് അവരെ മോചിപ്പിക്കുന്നതിനുള്ള മാർഗ്ഗം സ്വീകരിക്കണം.  കുഴക്കൽക്കിണർ കുഴിക്കുന്നത് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റും മെയിന്റനൻസ് നടത്തുന്നത് പഞ്ചായത്തുമായതുകൊണ്ട് പഞ്ചായത്ത് യഥാസമയത്ത് മെയിന്റനൻസ് നടത്താത്തതുമുലം കുഴലുകൾ തുരുമ്പെടുത്ത് വെള്ളം ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിയുണ്ട്.  പഞ്ചായത്തുകൾക്ക് ഇതിനാവശ്യമായ സാമ്പത്തിക സഹായം കൊടുക്കണം. കുഴൽക്കിണർ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റുകളിൽ ആവശ്യമായ സംവിധാനമുണ്ടാക്കണം. മൂലനിയമത്തിലെ 33-ാമത്തെ വ്യവസ്ഥയിൽ മീറ്റർ ചാർജ്ജ് വാങ്ങുന്നതിനുവേണ്ടി ചില നടപടികൾ എടുക്കുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.  ഉപഭോക്താക്കളിൽനിന്നും  മീറ്റർ ചാർജ്ജ് വാങ്ങാൻ പാടില്ല. ഇക്കാര്യത്തിൽ ഇലക്ട്രിസിറ്റി ബോർഡിൽ നിലനിൽക്കുന്ന സംവിധാനം വാട്ടർ അതോറിറ്റിയിലും പ്രാവർത്തികമാക്കണം. ജലധാരാ പദ്ധതി തുടരാൻ

തീരുമാനിച്ചത് നല്ല കാര്യമാണ്. ജലനിധി പദ്ധതി നടപ്പിലാക്കാൻ പറ്റുന്ന സ്ഥലങ്ങളിൽ പ്രാവർത്തികമാക്കണം. ലോകബാങ്കുമായി ബന്ധപ്പെട്ട് മാറ്റാൻ കഴിയുന്ന നിബന്ധനകളിൽ മാറ്റം വരുത്തി കേരളത്തിലെ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും ശുദ്ധജലം എത്തിച്ചുകൊടുക്കുന്ന തിനെപ്പറ്റി ആലോചിക്കണം. ഇത്തരത്തിൽ ജനോപകാരപ്രദമായിട്ടുള്ള പദ്ധതികളുടെ മെയിന്റനൻസ് നടത്താൻ, ബെനിഫിഷ്യറി കമ്മിറ്റികളെ സാമ്പത്തികമായി സപ്പോർട്ടുചെയ്യാൻ പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഫണ്ട് കൊടുക്കുന്ന കാര്യത്തെപ്പറ്റി ഗവൺമെന്റ് ആലോചിക്കണം.

<u>ശ്രീ. രാജാജി മാത്യു തോമസ്</u>: 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ 15-1-2009 വരെ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മൂലനിയമത്തിൽ വരുത്തേണ്ട കാലാനുസൃതമായ മാറ്റങ്ങളാണ് ഈ ഭേദഗതി ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ നിയമനിർമ്മാണം തീർച്ചയായും സംസ്ഥാനത്ത് ആവശ്യമാണ്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജലമോഷണം, ജലദുരുപയോഗം, അനധികൃത കണക്ഷൻ തുടങ്ങിയവ തടയുന്നതിന് വേണ്ടി യാണ് ഈ ബിൽ കൊണ്ടുവന്നത്. 1986-ലെ ആക്ടിൽ ഇവ തടയുന്ന തിനുള്ള വ്യവസ്ഥയില്ല. അനധികൃത കണക്ഷനുകളും ജലമോഷണവും വ്യാപകമായി നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവ തടയാനാവശ്യ മായ നിയമ നടപടി സ്വീകരിക്കുകയും അർഹരായിട്ടുള്ള ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നത് നിഷേധിക്കുന്ന സാഹചര്യം ഒഴിവാക്കുകയും ചെയ്യണം. സംസ്ഥാനത്തെ പഴകിയ പൈപ്പുകൾ മാറ്റി സ്ഥാപിച്ച് ജലവിത

രണം കാര്യക്ഷമമാക്കുന്നതിനായി ഒരു സമയബന്ധിത പദ്ധതി തയ്യാറാക്കണം. സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട ജലസ്രോതസ്സുകളും മനുഷ്യ ഉപയോഗത്തിന് യോഗ്യമല്ലാത്ത തരത്തിൽ മലിനമാക്കപ്പെട്ടിട്ടുണ്ട് എന്ന വസ്തുത ഗൗരവത്തോടുകൂടി കാണണം. സംസ്ഥാനത്തെ മഹാഭൂരിപക്ഷം ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിറുത്തുന്നതിനുമായി സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കണം. സംസ്ഥാനത്തെ എല്ലാ നദികളും വൻതോതിലുള്ള നശീകരണത്തേയും മാലിന്യവൽക്കരണത്തേയും നേരിടുകയാണ്. നദികളും ജലസ്രോതസ്സുകളും പരിപാലിക്കുന്നതിന് പഞ്ചായത്തിന് പ്രത്യേക അധികാരങ്ങളോ താൽപര്യങ്ങളോ ഇല്ല. കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും അവരുടെ മാലിന്യങ്ങൾ ഒഴുക്കിക്കളയുന്നതിനുവേണ്ടിയുള്ള അഴുക്കുചാലായിട്ടാണ് നദികളെ കാണുന്നത്. സംസ്ഥാനത്ത് ഒരു റിവർ മാനേജുമെന്റ് ഫണ്ട് ഉണ്ടെങ്കിലും പുഴകളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് ഇനിയും സാധിച്ചിട്ടില്ല.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): റിവർ മാനേജുമെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് സർക്കാർ വിളിച്ചുചേർത്ത എല്ലാ ജില്ലകളിലുമുള്ള വിദഗ്ദ്ധ സമിതി അംഗങ്ങളുടെ ഒരു മീറ്റിംഗിൽ എടുത്ത തീരുമാനത്തിൽ എല്ലാ ജില്ലകളിൽനിന്നും ഇതുസംബന്ധിച്ച് ഒരു പ്രോജക്ട് തയ്യാറാക്കി ഡിസംബർ 15-നുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് എല്ലാ എം.എൽ.എ.മാരും അവരവരുടെ പ്രദേശങ്ങളുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിച്ചാൽ അവ പരിശോധിച്ച് നടപ്പിലാക്കാൻ സാധിക്കും.

ശ്രീ. രാജാജി മാത്യു തോമസ്: കേരളത്തിലെ നിരവധി വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചാൽ മാത്രമേ നമ്മുടെ അമൂല്യമായ ജല സ്രോതസ്സുകൾ സംരക്ഷിക്കാനും ജലം മലിനമാക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാനും കഴിയുകയുള്ളൂ. പരിസ്ഥിതി സമിതി വെള്ളായണി കായൽ, ശാസ്താംകോട്ട കായൽ, പൂക്കോട് തടാകം, പെരിയാർ മലിനീകരണം എന്നിവയെ സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. പെരിയാർ മലിനീകരണം സംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ 'റിവർ അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള നിർദ്ദേശവുമുണ്ട്. കേരളത്തിലെ മുഴുവൻ നദികളേയും സംരക്ഷിക്കുന്നതിനുവേണ്ടി സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളോടുകൂടിയ പ്രത്യേക അതോറിറ്റി രൂപീകരിക്കണം. ജല സ്രോതസ്സുകളെ സംരക്ഷിക്കുന്നതിനുവേണ്ടി വളരെ ബൃഹത്തായതും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ ഒരു പദ്ധതിക്ക് രൂപം കൊടുത്തു കൊണ്ടുള്ള നിയമനിർമ്മാണം നടത്തിയാൽ മാത്രമേ നമുക്ക് ഈ രംഗത്ത് ഗണ്യമായ നേട്ടം കൈവരിക്കാൻ സാധിക്കുകയുള്ളൂ. പുഴകളും ജല സ്രോതസ്സുകളും മലിനീകരിക്കുന്നത് കേവലം ബോധവൽക്കരണം കൊണ്ടു മാത്രം പരിഹരിക്കാൻ പറ്റുന്ന വിഷയമല്ല. കർക്കശമായ നിയമനടപടികൾ വഴി മാത്രമേ ഇതിന് പരിഹാരം കാണാൻ സാധിക്കൂകയുള്ളൂ. കുടിവെള്ള സ്രോതസ്സുകളായ നദികളിൽ മനുഷ്യവിസർജ്ജ്യവും ഫാക്ടറികളിൽ നിന്നുള്ള മാലിന്യങ്ങളും കലർത്തുന്നവരെ അറസ്റ്റ് ചെയ്ത് വിചാരണ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. പുതുതായി ധാരാളം കെട്ടിടസമുച്ചയങ്ങളും ഫ്ളാറ്റുകളും ഉയർന്നുവന്നുകൊണ്ടിരിക്കുന്നതിനാൽ കേരളത്തിലെ നഗരങ്ങളിൽ ഇനിയൊരു സ്വിവറേജ് സംവിധാനം സ്ഥാപിക്കുക എന്നത് അസാധ്യമായ കാര്യമായതുകൊണ്ട് അതിനൊരു

ബദൽ സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. കേരളത്തിന്റെ കാലാവസ്ഥയും ജനസാന്ദ്രതയും കണക്കിലെടുത്തു കൊണ്ടുള്ള സാങ്കേതിക വിദ്യയാണ് മാലിന്യനിർമ്മാർജ്ജനത്തിനുവേണ്ടി ഉപയോഗപ്പെടുത്തേണ്ടത്. കെട്ടിടസമുച്ചയങ്ങളെ ക്ലസ്റ്ററുകളായി തിരിച്ച് മാലിന്യ നിർമ്മാർജ്ജനം ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. കുടിവെള്ളസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾക്ക് രൂപം നൽകണം.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u>: 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1986-ലെ ആക്ടിൽ ജലത്തിന്റെ മോഷണം, ദുരുപയോഗം, അനധികൃത കണക്ഷൻ മുതലായവ തടയുന്നതിന് വ്യവസ്ഥയുണ്ടായിരുന്നില്ല. അതിന് അധികാരം നൽകുന്ന വ്യവസ്ഥകളാണ് ഈ ബില്ലിലുള്ളത്. ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള കുടിവെള്ളം ലഭ്യമാക്കുന്നതിന് ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുമെന്ന ജലനയം നടപ്പാക്കാൻ നടപടി സ്വീകരിക്കണം. ഒരു ഉപഭോക്താവായിരിക്കെ ജലം മോഷ്ടിക്കുകയാണെങ്കിൽ, അയാൾ ഒരു ഗാർഹിക ഉപഭോക്താവാണെങ്കിൽ ആദ്യകുറ്റ സ്ഥാപനത്തിന്മേൽ പതിനായിരം രൂപവരെയാകാവുന്ന പിഴയും രണ്ടാമത്തെ കുറ്റ സ്ഥാപനത്തിന്മേൽ ആറു മാസക്കാലയളവിൽ കവിയാതെയുള്ള തടവും ഇരുപത്തയ്യായിരം രൂപ പിഴയും ഈടാക്കാനും വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ട പണികൾ ലൈസൻസുള്ള പ്ലംബർമാർ ചെയ്യേണ്ടതാണെന്നും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ

വൈദ്യുതി കുടിശ്ശികയുടെ പേരിൽ കണക്ഷൻ വിച്ഛേദിക്കുന്ന നടപടി അവസാനിപ്പിക്കുന്നതിനും പൈപ്പുപൊട്ടലിലൂടെ ജലം പാഴാക്കിക്കളയുന്നത് തടയുന്നതിനും മാനേജുമെന്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ജനസംഖ്യാവർദ്ധനവിന് ആനുപാതികമായി 50 വർഷം മുന്നിൽ കണ്ടുകൊണ്ടുള്ള പദ്ധതികൾ ആസുത്രണം ചെയ്യണം. സൂനാമി പദ്ധതിയിൽപ്പെടുത്തിയ ജലസേചന പദ്ധതികൾക്കുള്ള ഫണ്ട് ലാപ്സാക്കാതെ പൈപ്പ് മുതലായവ വാങ്ങുന്നതിലുള്ള സാങ്കേതിക തടസ്സം പരിഹരിക്കണം. ഉപ്പുവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന പദ്ധതിയെക്കുറിച്ച് ആലോചിക്കണം. ശുദ്ധജലവിതരണ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനും പൈപ്പുകൾ പൊട്ടി അതുവഴി മലിനജലം കടക്കാതിരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. വെള്ളത്തിന്റെ ദുരുപയോഗം തടയണം. എം.എൽ.എ./എം.പി. ഫണ്ടിൽ നിന്നും അനുവദിക്കുന്ന ഡെപ്പോസിറ്റ് വർക്കുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന വാട്ടർ അതോറിറ്റി തന്നെ അതിന്റെ നിർമ്മാണം പൂർത്തീകരിക്കണം. സ്വിവറേജ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കണം. ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ ലോകബാങ്കിൽ നിന്നോ ധനസഹായം ലഭ്യമാക്കിക്കൊണ്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി ശുചീകരണ പ്രവർത്തനങ്ങളിൽ പ്രത്യേകം താൽപ്പര്യം എടുക്കണം. ജലനിധി പദ്ധതി തുടരുകയും കാര്യക്ഷമമാക്കുകയും വേണം. പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കണം. നദികളും തോടുകളും പുഴകളും തടാകങ്ങളും മാലിന്യമുക്തമാക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകണം. ഗുണമേന്മയുള്ള പൈപ്പുകൾ ലഭ്യമാക്കുന്നതിന് കേരളത്തിൽ പൈപ്പു ഫാക്ടറി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. വെള്ളക്കരം വർദ്ധിപ്പിച്ചതിൽ പ്രതിഷേധം രേഖപ്പെടു

ത്തുന്നു. കാസർകോഡ് ജില്ലയിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാക്കണം.

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കക്ഷിരാഷ്ട്രീയത്തിനതീതമായി കേരളത്തിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു ചർച്ചയാണ് ഇവിടെ നടന്നത്. ചർച്ചയിൽ പങ്കെടുത്തു സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങളുടെ നിർദ്ദേശങ്ങളോടും അഭിപ്രായങ്ങളോടും ഗവൺമെന്റ് പൂർണ്ണമായി യോജിക്കുകയാണ്. 28-1-2008-നാണ് ഈ ഓർഡിനൻസ് കേരളാ ഗവർണ്ണർ പ്രൊമുൽഗേറ്റ് ചെയ്തത്. ജലത്തിന്റെ മോഷണം, ദുരുപയോഗം, അനധികൃത കണക്ഷൻ മുതലായവ കൈകാര്യം ചെയ്യുന്നതിന് ആക്ടിൽ വ്യക്തമായ വ്യവസ്ഥകളില്ലാത്തതുകൊണ്ട് അവ തടയുന്നതിന് കേരള ജല അധികാരസ്ഥാനത്തിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഇത്തരം സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടിയാണ് ആക്ടിൽ ചില മാറ്റങ്ങൾ വരുത്താൻ ഗവൺമെന്റ് നിർബന്ധിതമായത്. ഈ പുതിയ നിയമത്തിന്റെ പശ്ചാത്തലത്തിൽ ആന്റി തെഫ്ട് സ്ക്വാഡിന്റെ സഹായത്തോടെ നിരവധി കേസ്സുകൾ കണ്ടുപിടിക്കാനും അതുവഴി 37 ലക്ഷത്തിലധികം രൂപ വാട്ടർ ചാർജ്ജിനത്തിൽ കളക്ടു ചെയ്യാനും ഗവൺമെന്റിന് സാധിച്ചു. നെടുമങ്ങാട് അരുവിക്കരയിൽ ഒരു പുതിയ പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ യൂണിറ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള കുടിവെള്ളം ലഭ്യമാക്കുന്നതിന് ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചു. എറണാകുളം ഉൾപ്പെടെയുള്ള ജില്ലകളിൽ നടത്തിയ റെയിഡുകളുടെ ഫലമായി പുതിയ കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ ധാരാളം ലഭിച്ചുതുടങ്ങിയിട്ടുണ്ട്.

ജലസ്രോതസ്സുകൾ മാലിന്യമുക്തമായി സംരക്ഷിക്കുന്നതിന് ശക്തമായ നിയമ നിർമ്മാണം തദ്ദേശഭരണ നിയമത്തിലുണ്ട്. അത് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. ജലസ്രോത സ്സുകൾ നികത്തപ്പെടുന്ന പ്രവണത അവസാനിപ്പിച്ചുകൊണ്ട് അവശേഷി ക്കുന്ന ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നദികളുടെയും പുഴകളുടെയും ഏകോപനം സംബന്ധിച്ച് റിവർ ബെയ്സിൻ അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാ രിന്റെ പരിഗണനയിലാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പമ്പാ ആക്ഷൻ പ്ളാൻ സ്പീഡ് അപ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഓർഡിനൻസ് ഇറക്കിയിട്ടുണ്ട്. നദികളുടെയും പുഴ കളുടെയും സമ്പൂർണ്ണമായ സംരക്ഷണത്തിനും പരിരക്ഷയ്ക്കും കർശനമായ ശിക്ഷാനടപടികൾ ഉൾപ്പെടെ വ്യവസ്ഥ ചെയ്തുകൊണ്ടുള്ള സ്റ്റാറ്റ്യൂട്ടറി അധികാരത്തോടുകൂടിയ നിയമ നിർമ്മാണം 2009-ൽ സാധ്യമാക്കാൻ കഴിയു മെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്പോൾ നടത്തിയിട്ടുള്ള നിയമ നിർമ്മാണത്തിൽ ആവശ്യമെങ്കിൽ ഭേദഗതികൾ കൊണ്ടുവരാവുന്നതാണ്. മാലിന്യവിമുക്തമായ വെള്ളം വിതരണം ചെയ്യുകയെന്നുള്ളത് ഏറ്റവും വലിയ പ്രശ്നമാണ്. കിണർ വെള്ളത്തിൽ 85 ശതമാനത്തോളം ബാക്ടീ രിയൽ കണ്ടാമിനേഷൻ ഉണ്ടെന്ന് സി.ഡബ്ള്യു.ആർ.ഡി.എം.-ന്റെ പഠനത്തിൽ തെളിഞ്ഞിട്ടുണ്ട്. പമ്പാനദിയുടെ മാലിന്യത്തിന്റെ തോത് ഗണ്യമായി വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. മേലിൽ കുറ്റം ചെയ്യാതിരിക്കത്തക്കവണ്ണമുള്ള ശിക്ഷാ നടപടികൾ ഇമ്പോസ് ചെയ്യുകയും പൗരബോധം വളർത്തുകയും ചെയ്തെ ങ്കിൽ മാത്രമേ ഒരു പരിധിവരെ ജലസ്രോതസ്സുകളെ മാലിന്യവിമുക്തമാക്കാൻ സാധിക്കുകയുള്ളൂ. കേരള വാട്ടർ അതോറിറ്റിയുടെ സാങ്കേതിക സഹായ

ത്തോടുകൂടി സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ജലതരംഗം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ലഭ്യമാകുന്ന വെള്ളം പരമാവധി ശുദ്ധീകരിച്ചുകൊടുക്കുന്നതിന് ഗവൺമെന്റ് പരമാവധി ശ്രദ്ധിക്കുന്നതാണ്. വാട്ടർ മീറ്റർ റീഡിംഗ് സമയാസമയങ്ങളിൽ എടുക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളെ ചുമതലപ്പെടുത്തുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ദ്രവ മാലിന്യം ബഹിർഗ്ഗമിപ്പിക്കാൻ പറ്റുന്ന തരത്തിലുള്ള പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് ജന്റം പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചിയിലും തിരുവനന്തപുരത്തും നടത്തിവരുന്നത്. അതിൽ തിരുവനന്തപുരം പ്ലാന്റിന്റെ പ്രവർത്തനം പുരോഗതിയിലാണ്. കേരള വാട്ടർ അതോറിറ്റിയുടെ പല സ്കീമുകളും പഞ്ചായത്തുകളെ ഏല്പിക്കാൻ തയ്യാറായതിന്റെ അടിസ്ഥാനത്തിൽ 300-ൽ ചില്ലാനം സ്കീമുകൾ പഞ്ചായത്തുകൾക്ക് കൊടുത്തിട്ടുണ്ട്. പമ്പയിൽ അഞ്ച് ദശലക്ഷം ലിറ്റർ വെള്ളവും ഒന്നര ദശലക്ഷം ലിറ്റർ വെള്ളവും ശുദ്ധീകരിക്കാൻ കഴിയുന്ന രണ്ട് സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം ആരംഭിക്കുന്നതാണ്. ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ കാച്ച്മെന്റ് ഏരിയയിൽ നടക്കുന്ന മണലൂറ്റും മണ്ണിടിച്ചിലും സംബന്ധിച്ച് നിരവധി കേസ്സുകൾ എടുക്കുകയും അതിനെതിരെ ജാഗ്രതാപൂർവ്വമായ പ്രവർത്തനം നടത്തിവരികയും ചെയ്യുകയാണ്. ശാസ്താംകോട്ട തടാകവുമായി ബന്ധപ്പെട്ട് ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജില്ലാ കളക്ടർ സെക്രട്ടറിയായും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രസിഡന്റായും രൂപംകൊടുത്ത സമിതിയുടെ പ്രവർത്തനം പുരോഗതിയിലാണ്. പ്ലാച്ചിമടയിൽ ഗ്രൗണ്ട് വാട്ടർ മലിനീകരിക്കപ്പെട്ടു എന്നാണ് ഗ്രൗണ്ട് വാട്ടർ അതോറിറ്റി നടത്തിയ പഠനത്തിൽ തെളിഞ്ഞിട്ടുള്ളത്. സ്റ്റേറ്റ് വാട്ടർ പോളിസി പൊള്യൂട്ടർ ബെയ്സ്ഡ് പ്രിൻസി

പ്പിളാണ്. എന്നാൽ അതിന് നിയമ വ്യവസ്ഥയില്ല. അതുകൊണ്ട് അതിനെ സംബന്ധിച്ച് വാട്ടർ അതോറിറ്റി സമർപ്പിച്ച ശുപാർശ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ശാസ്ത്ര-സാങ്കേതിക രംഗത്തും പരിസ്ഥിതി രംഗത്തും നിയമ രംഗത്തുമുള്ള പ്രഗത്ഭരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ച് നഷ്ടം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്. ഡെപ്പോസിറ്റ് വർക്കിന് പ്രിഫറൻഷ്യൽ എസ്റ്റിമേറ്റ് കൊടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം വാട്ടർ അതോറിറ്റിക്ക് നൽകുന്നതാണ്. ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ട് വൈദ്യുതി ചാർജ്ജിൽ ഗണ്യമായ കുറവാണ് ഇലക്ട്രിസിറ്റി ബോർഡ് വരുത്തിയിരിക്കുന്നത്. ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് വൺടൈം സെറ്റിൽമെന്റിലൂടെ നടപടി സ്വീകരിച്ചുവരികയാണ്. ഡെപ്പോസിറ്റ് വർക്കുകൾക്ക് വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതടക്കമുള്ള കാര്യങ്ങളിൽ രണ്ട് വകുപ്പുകളും തമ്മിൽ ചർച്ച ചെയ്ത് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതാണ്. ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ കർശന നിബന്ധനകൾ പ്രകാരം അതാത് മാസത്തെ വൈദ്യുതി ചാർജ്ജ് കൃത്യമായി അടച്ചില്ലെങ്കിൽ വൈദ്യുതി വിച്ഛേദിക്കുമെന്നുള്ളതുകൊണ്ടും സംസ്ഥാന ഗവൺമെന്റിന്റെ ധനസ്ഥിതി ഗുണകരമല്ലാത്തതിനാൽ സബ്സിഡി കിട്ടാൻ നിർവ്വാഹമില്ലാത്തതുകൊണ്ടുമാണ് വെള്ളക്കരം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഗാർഹിക, ഗാർഹികേതര, വ്യാവസായിക മേഖല, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നുമുള്ള വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജാഗ്രതാപൂർവ്വമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റവന്യൂ

റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി റിക്കോർഡ് റവന്യൂ കളക്ഷൻ ഉണ്ടായിട്ടുണ്ട്. പതിനായിരം ലിറ്റർവരെ വെള്ളം ഉപയോഗിക്കുന്ന ബി.പി.എൽ. വിഭാഗക്കാരിൽനിന്നും കാശ് ഈടാക്കാൻ പാടില്ലെന്നും കുടിശ്ശിക എഴുതിത്തള്ളുന്നതിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. നെയ്യാറിൽനിന്നും തമിഴ്നാട്ടിലെ വിളവങ്കോട് താലൂക്കിലെ കൃഷിക്കാർക്ക് വെള്ളം കൊടുക്കുന്നത് കേരളത്തിന്റെ ധാർമ്മിക ഉത്തരവാദിത്വം ആണെങ്കിലും അത് സംസ്ഥാനത്തിന്റെ താല്പര്യം അവഗണിച്ചുകൊണ്ടാകരുതെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ട്. 1958-ൽ പ്രസിദ്ധീകരിച്ച വാട്ടർ റിസോഴ്സസ് ഓഫ് കേരള എന്ന പുസ്തകത്തിൽ നെയ്യാറിനെ അന്തർ സംസ്ഥാന നദിയായി പരാമർശിച്ചിരിക്കുന്നുവെന്നും 12 സ്ക്വയർ കി.മീ. നെയ്യാറിന്റെ പരിധിയിൽവരുന്ന വൃഷ്ടി പ്രദേശം തമിഴ്നാടിന്റെ ഏരിയയാണെന്നുമുള്ള പുതിയ വാദഗതിയാണ് തമിഴ്നാട് സർക്കാർ ഉന്നയിക്കുന്നത്. നെയ്യാർ പ്രശ്നത്തിൽ കേന്ദ്രം ഇടപെടണമെന്നാവശ്യപ്പെട്ട് കത്ത് കൊടുത്തിട്ടുണ്ട്. തമിഴ്നാടിന് കൃഷിക്കും കുടിവെള്ളത്തിനുമാവശ്യമായ വെള്ളമാണ് വേണ്ടതെങ്കിൽ അത് സർക്കാരിന്റെ വ്യവസ്ഥകൾക്ക് വിധേയമായി കേരളത്തിന്റെ താൽപര്യങ്ങൾ പരിരക്ഷിച്ചുകൊണ്ട് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. ജലസ്രോതസ്സുകൾ മാലിന്യവിമുക്തമാക്കി സംരക്ഷിക്കണമെന്നുള്ള പൊതുപ്രശ്നവും ജലത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് ഉയർന്നുവന്ന ഉൽക്കണ്ഠയും പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണം.

നിരാകരണപ്രമേയവും ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

2. <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളുടെ പരിഗണനയും അനന്തരഘട്ടങ്ങളും</u>

(i) <u>2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ</u>

റവന്യൂവകുപ്പു മന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവവകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എം. ചന്ദ്രൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 5 അംഗങ്ങളെ വച്ചുകൊണ്ട് കമ്മീഷന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിന് സാധിക്കാത്തതിനാലാണ് 2 അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി കമ്മീഷൻ വിപുലീകരിക്കാൻ തീരുമാനിച്ചത്. എല്ലാകാലത്തും ഈ കമ്മീഷൻ നിലനിർത്തണമെന്ന് സർക്കാർ ആഗ്രഹിക്കുന്നില്ല. കാർഷിക മേഖലയുടെ തകർച്ചയുടെ പശ്ചാത്തലത്തിലാണ് പ്രസ്തുത

കമ്മീഷന് രൂപം നൽകിയത്. ഇന്ത്യാ ഗവൺമെന്റ് ആവിഷ്ക്കരിച്ച നയസമീപനമാണ് കാർഷിക മേഖലയുടെ തകർച്ചക്ക് കാരണമായത്. പ്രസ്തുത തകർച്ചയുടെ ഭാഗമായി വന്ന കടക്കെണി രാജ്യത്തെ മൊത്തത്തിൽ ബാധിച്ചിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഇൻഡ്യയിൽ ഒന്നര ലക്ഷത്തോളം കർഷകർ ആത്മഹത്യ ചെയ്തു. കൂടുതൽ പേർ ആത്മഹത്യ ചെയ്ത ആന്ധ്രയിലെയും വിദർഭയിലെയും സ്ഥിതി കണക്കിലെടുത്താണ് വിദർഭ പാക്കേജ് പോലുള്ളവ പ്രഖ്യാപിച്ചത്. എന്നാൽ ആഗോളവൽക്കരണ നയത്തിന്റെ ബദൽ നയമായി അതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു നയസമീപനമാണ് കേരള സർക്കാർ സ്വീകരിച്ചത്. അതിന്റെ ഭാഗമായി കൃഷിക്കാർക്ക് സഹായം നൽകാൻ തീരുമാനിച്ചു. അമേരിക്കൻ ബാങ്ക് തകർച്ചയ്ക്കൊപ്പം കേരളത്തിലെ നാണ്യ വിളകളിൽ പ്രധാന വിളയായ റബ്ബറിന്റെ വിലയും തകർന്നു. ലോകത്തിലെ ഏതെങ്കിലും പ്രദേശത്ത് സാമ്പത്തിക തകർച്ച ഉണ്ടായാൽ കേരളത്തിലെ നാണ്യവിളകൾ തകരും എന്നത് ഇതിലൂടെ വ്യക്തമായിരിക്കുന്നു. രണ്ടര വർഷമായി ഗവൺമെന്റ് തുടർന്നുവരുന്ന നയം മൂലം കാർഷിക മേഖലയിൽ ഒരു പുത്തനുണർവ്വ് ഉണ്ടാക്കാൻ കഴിഞ്ഞു. ഇപ്പോൾ നെൽക്കൃഷിയിലേയ്ക്ക് ആളുകൾ വന്നുകൊണ്ടിരിക്കുന്നു. പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ ഭക്ഷ്യ സുരക്ഷ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് നാമമാത്രമായ തുക മാത്രമേ നൽകിയിട്ടുള്ളൂ. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കൃഷി വകുപ്പ്, സിവിൽ സപ്ലൈസ് കോപ്പറേഷൻ തുടങ്ങി പല വകുപ്പുകളുടെ സഹായത്തോടെ തരിശു ഭൂമിയിൽ കൃഷി ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. 37000–ത്തോളം ഏക്കർ കൃഷി ഭൂമി തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾ പാട്ടത്തിനെടുത്ത് കുടുംബശ്രീകളെ ഏൽപ്പിച്ച് കൃഷി നടത്തിക്കൊണ്ടിരിക്കുകയാണ്. ആലത്തൂർ നിയോജകമണ്ഡലത്തിൽ എല്ലാ പഞ്ചായത്തിലും തരിശു ഭൂമിയിൽ കൃഷി നടക്കുന്നുണ്ട്. പല കാരണ ങ്ങൾ കൊണ്ട് തരിശ്ശിട്ട കൃഷി ഭൂമിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ സഹകരണത്തോടെ കൃഷി ചെയ്തുവരുന്നുണ്ട്. എല്ലാ വിഭാഗ ത്തിൽപ്പെട്ടവരുടെ താൽപ്പര്യങ്ങളും സംരക്ഷിച്ചുകൊണ്ട് കൃഷിക്കാരെ പ്രോൽസാഹിപ്പിക്കുന്ന നയസമീപനമാണ് സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്നത്. രണ്ടരക്കൊല്ലത്തിനുള്ളിൽ സംസ്ഥാനത്ത് കർഷക ആത്മഹത്യ ഇല്ലാതാക്കാൻ സാധിച്ചു. കർഷകർക്കാശ്വാസമായി കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നു. കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിപുലീകരിക്കണം.

<u>ശ്രീ. കെ.സി. വേണുഗോപാൽ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണ മെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിലവിൽ കർഷക കടാശ്വാസ കമ്മീഷന് യാതൊരു പ്രസക്തിയുമില്ല. കേരളത്തിലെ തകർന്ന കർഷകരെ രക്ഷപ്പെടുത്താനുള്ള മോചന മന്ത്രമാണ് കർഷക കടാശ്വാസ കമ്മീഷനെന്നും ഇൻഡ്യാ രാജ്യത്ത് ഇതൊരു മാതൃകയാകുമെന്നുമാണ് ബിൽ പൈലറ്റ് ചെയ്യുന്ന അവസരത്തിൽ മന്ത്രി പറഞ്ഞത്. രണ്ട് വർഷത്തിനുള്ളിൽ കർഷക കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തതിൽ കർഷകർക്ക് നൽകിയ ആനുകൂല്യം എത്രയാണെന്ന് വ്യക്തമാക്കണം. നടപടിക്രമങ്ങൾ പൂർത്തിയായതിനുശേഷം മാത്രമേ കർഷകർക്ക് ആ ആനുകൂല്യം ലഭിക്കുക യുള്ളൂ. ആലപ്പുഴ ജില്ലയിലെ നെൽക്കൃഷി മേഖലയെ ദുരന്തബാധിത

പ്രദേശമായും കാർഷിക വിളകളെ ദുരന്തബാധിത വിളകളായും പ്രഖ്യാപിക്കണമെന്ന കേന്ദ്ര കർഷക കടാശ്വാസ കമ്മീഷന്റെ ശുപാർശ പോലും നടപ്പിലാക്കണ്ട എന്ന തീരുമാനമാണ് എടുത്തത്. കേന്ദ്ര ഗവൺമെന്റ് കർഷകരുടെ വായ്പ എഴുതിത്തള്ളുന്നതിന് 2600 കോടി രൂപ അനുവദിച്ചപ്പോഴാണ് കേരളത്തിലെ കർഷകരുടെ കടാശ്വാസം എഴുതിത്തള്ളാൻ 24.25 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചത്. വയനാട്ടിൽ 25,000 രൂപയ്ക്ക് താഴെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ 14 കോടി രൂപ മാത്രമാണ് അനുവദിച്ചത്. കടാശ്വാസ കമ്മീഷൻ കർഷകരെ കബളിപ്പിക്കുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 25000 രൂപയ്ക്ക് താഴെയുള്ള നോൺ ഫാമിംഗ് ലോണുകൾകൂടി എഴുതിത്തള്ളണം. സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ശതശതമാനം കേരളീയം പദ്ധതി കേന്ദ്രസഹായം വലിയ തോതിൽ നഷ്ടപ്പെടാൻ ഇടവരുത്തി. കേരളത്തിലെ കർഷകന്റെ ഉന്നമനത്തിന് സഹായിച്ച കേന്ദ്ര ഗവണ്മെന്റിന്റെ നടപടിയെ അനുകൂലിക്കുന്നതിനുപകരം മോശമായി ചിത്രീകരിക്കുന്നത് അവസാനിപ്പിക്കണം. കർഷക കടാശ്വാസ കമ്മീഷന്റെ പ്രസക്തി കേരളത്തിൽ ഇല്ലാതായിരിക്കുന്നു. രണ്ട് ഏക്കറിൽ താഴെ ഭൂമിയുള്ള കർഷകന്റെ എല്ലാ വായ്പകളും എഴുതിത്തള്ളാൻ തീരുമാനമെടുക്കണം. കുട്ടനാട്ടിൽ കാർഷിക കലണ്ടറനുസരിച്ചുള്ള ഒരു കൃഷിയും ചെയ്തിട്ടില്ല. കൊയ്ത്തിനാവശ്യമായ യന്ത്രങ്ങൾ വാങ്ങണം. മടവീണ് നഷ്ടമുണ്ടായ കർഷകന് ഒരു നയാപൈസപോലും അനുവദിച്ചില്ല. നെൽക്കൃഷി വികസനത്തിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ 11 കോടി രൂപയുടെ പദ്ധതിയിൽ ഒരു പൈസപോലും ചെലവഴിച്ചില്ല. കേരള ഗവൺമെന്റിന്റെ ബഡ്ജറ്റ് സപ്പോർട്ടിന് ആനുപാതികമായ തുക ആർ.കെ.വി.വൈ. അനുസ

രിച്ച് കൊടുക്കും. ധനകാര്യ വകുപ്പിന്റെ തടസ്സംകാരണം അതും നടപ്പിലാക്കാൻ കഴിയുന്നില്ല. കുട്ടനാട് പാക്കേജിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുക ഒരു പ്രോജക്ടുണ്ടാക്കി ഫലപ്രദമായി വിനിയോഗിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചെങ്കിലും അത് നടപ്പിലാക്കുന്നതിനുവേണ്ട യാതൊരു ഹോംവർക്കും ഗവൺമെന്റ് നടത്തിയിട്ടില്ല. പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പ്രോജക്ട് റിവൈസ് ചെയ്ത് പുതിയ പ്രോജക്ട് ഉണ്ടാക്കാനായി ഒരു ഉദ്യോഗസ്ഥനെ പ്രത്യേകം ചുമതലപ്പെടുത്തേണ്ടതാണ്. കർഷകർക്ക് കടാശ്വാസം നൽകുന്നതിനുവേണ്ടി ബഡ്ജറ്റിൽ നീക്കിവച്ച തുകയിൽനിന്നും ഒരു രൂപ പോലും ചെലവഴിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. 2,000 കോടി രൂപയുടെ കടം കേന്ദ്ര ഗവൺമെന്റ് കേരളത്തിനുവേണ്ടി എഴുതിത്തള്ളി. കർഷക കടാശ്വാസ കമ്മീഷന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ സർക്കാരിന് കഴിയുന്നില്ല. കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫിനെ നിയമിക്കാതെ കമ്മീഷനിലെ അംഗങ്ങളുടെ എണ്ണം കൂട്ടിയതുകൊണ്ടുമാത്രം സംസ്ഥാനത്തെ ജനങ്ങൾക്ക് പ്രയോജനം കിട്ടുകയില്ല.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി. രാജേന്ദ്രൻ): ഓരോ ജില്ലയിലും കെട്ടിക്കിടക്കുന്ന പതിനായിരത്തിലധികം അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ തീർപ്പുകൽപ്പിക്കണമെന്നുള്ളതുകൊണ്ടാണ് കമ്മീഷനിലെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചത്. കമ്മീഷൻ ഇപ്പോൾ 14 ജില്ലകളിലും സിറ്റിംഗ് നടത്തി അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് വളരെ

ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഹൈക്കോടതിയിൽ 13 വർഷം ജഡ്ജിയായി സേവനമനുഷ്ഠിച്ച വ്യക്തിയാണ് ഇതിന്റെ ചെയർമാൻ. അംഗങ്ങൾ ഈ മേഖലയുമായി ബന്ധപ്പെട്ട് അനുഭവ സമ്പത്തുള്ളവരാണ്. ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ ശ്രദ്ധാപൂർവ്വം ഇക്കാര്യങ്ങളിൽ ഇടപെടുകയും മന്ത്രിസഭ യഥാസമയം തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിലെ കർഷകർക്ക് 14.42 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ചർച്ചചെയ്ത് തുകയുടെ കാര്യത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. 2009 ജനുവരി ആകുമ്പോൾ കമ്മീഷന്റെ ശുപാർശകൾ കുറച്ചുകൂടി വരും. അതിന്റെ അടിസ്ഥാനത്തിൽ ഇനിയും സംഖ്യ നൽകണം. കുട്ടനാട് മടവീഴ്ചയുണ്ടായപ്പോൾ കലാമിറ്റി ഫണ്ടിൽനിന്നും 1,75,00,000 രൂപ കർഷകർക്ക് ആദ്യമായി ഈ ഗവൺമെന്റ് സഹായം നൽകി. ആലപ്പുഴയിലും കോട്ടയത്തും ഇപ്പോൾ ഉണ്ടായ മടവീഴ്ച സംബന്ധിച്ച് അടിയന്തിരമായി റിപ്പോർട്ട് തരാൻ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷികേതര വായ്പയെടുത്തവർക്കു കൂടി ആനുകൂല്യം നൽകുന്നതിന് ആക്ടിൽ തന്നെ പ്രൊവിഷൻ പറയുന്നുണ്ട്. ഇവിടെ നടന്ന ചർച്ചയിൽ വന്ന സദുദ്ദേശത്തോടെയുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതാണ്.

ഭേദഗതികൾ സഭയുടേ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

പ്രൊഫ. എൻ. ജയരാജ്: 121-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: 123, 142 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 128, 136,153, 156 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി 132-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 138 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 152 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 154 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 108,112 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(ii) 2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വളരെയധികം ദുരിതമനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ടുള്ള ഒരു ബില്ലാണിത്. പുതിയ തലമുറയിൽനിന്ന് ആരേയും ഈ മേഖലയിലേയ്ക്ക് ആകർഷിക്കാനുള്ള ഒരു നടപടിയും ഈ ബില്ലിലില്ല. പരമ്പരാഗതമായി ഈ തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നവർ ജോലി ഉപേക്ഷിച്ചുപോകുന്ന സ്ഥിതിയാണുള്ളത്. കൈത്തറി വിപണി അന്യസംസ്ഥാനങ്ങൾ കീഴടക്കിയിരിക്കുകയാണ്. പുതിയ പ്രാദേശിക ബ്രാന്റുകൾ വികസിപ്പിച്ചെടുക്കാൻ സർക്കാർ സാമ്പത്തിക സഹായം നൽകിക്കൊണ്ടുള്ള ഒരു ഏജൻസി

പ്രർത്തിക്കുന്നുണ്ടെങ്കിലും ഒരു ജനപ്രിയ ബ്രാന്റുപോലും സമർപ്പിക്കാൻ അവർക്ക് സാധിച്ചിട്ടില്ല. സർക്കാർ കൈത്തറി സംഘങ്ങൾവഴി 20 ശതമാനം റിബേറ്റ് ആനുകൂല്യം അനുവദിക്കുന്നുണ്ടെങ്കിലും ആ ആനുകൂല്യങ്ങളിൽ പലതും തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. പാവപ്പെട്ടവർ പണിയെടുക്കുന്ന കൈത്തറിമേഖലയിൽ നവീകരണവും, ഇൻഷ്വറൻസ് പരിരക്ഷയും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളും വേതന നയവും പുതിയ തലമുറയെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാനുള്ള പദ്ധതികളും ആവിഷ്ക്കരിക്കേണ്ടതാണ്. പെൻഷൻ പ്രായം 60 എന്നുള്ളത് 58 ആക്കി മാറ്റുമ്പോൾ 58-ൽ തന്നെ തൊഴിലാളിയെ പിരിച്ചയയ്ക്കാൻ മാനേജ്മെന്റിന് പ്രേരണ നൽകുന്ന രീതിയിലുള്ള ഒരു ബില്ല് ആയി ഇത് ഭവിക്കരുത്.

ശ്രീ. ആർ സെൽവരാജ്: 'സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാര മുള്ള 2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമിനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന' ഭേദഗതി അവതരിപ്പിക്കുന്നു. നിലവിലുള്ള കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്ട് പ്രകാരം ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ ആനുകൂല്യം ലഭിക്കണമെങ്കിൽ 60 വയസ്സ് പൂർത്തീകരിക്കണമെന്നാണ്. എന്നാൽ ഈ മേഖലയിൽ 58-ാം വയസ്സിൽ ജോലിയിൽ നിന്ന് വിരമിച്ചുപോകേണ്ടി വരുന്ന ജീവനക്കാരുമുണ്ട്. തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ഒട്ടനവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയി ട്ടുണ്ട്. കൊല്ലയിൽ പഞ്ചായത്തിൽ 2500-ലധികം സ്ത്രീ തൊഴിലാളികൾ ജോലിചെയ്യുന്ന എക്കോ ടെക്സ്റ്റ് കൺസോർഷ്യത്തിൽ നിന്ന് 58-വയസ്സിൽ

പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്ക് നാമമാത്രമായ സഹായം മാത്രമേ നൽകുന്നുള്ളൂ, ക്ഷേമനിധി ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. അവർക്ക് പെൻഷൻ ലഭിക്കണമെങ്കിൽ 60 വയസ്സുവരെ കാത്തിരിക്കണം. ഇത് മനസ്സി ലാക്കിക്കൂടിയാണ് പ്രസ്തുത ആക്ട് മുൻകാല പ്രാബല്യത്തോടുകൂടി ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചത്. ഈ ബിൽ പാസ്സാക്കി ജീവനക്കാർക്ക് ആശ്വാസം പകരുവാൻ ഉതകുന്ന രീതിയിലുള്ള നിയമമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഇവിടെ ബഹുമാന പ്പെട്ട അംഗങ്ങൾ വളരെ വിശദമായി കാര്യങ്ങൾ പ്രതിപാ ദിച്ചതിൽ സന്തോഷമുണ്ട്. കൈത്തറി വ്യവസായത്തിന് നല്ല കാലഘട്ടം ഉണ്ടായിരുന്നത് തകർത്തത് കേന്ദ്ര ഗവൺമെന്റിന്റെ നയമാണ്. കൈത്തറി മേഖലയ്ക്ക് അർഹമായ ആനുകൂല്യങ്ങളൊന്നും കേന്ദ്ര ഗവൺമെന്റ് നൽകു ന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൈത്തറി വ്യവ സായത്തെ വികസിപ്പിക്കുന്നതിനുവേണ്ടി ധാരാളം കാര്യങ്ങൾ ചെയ്യുകയു ണ്ടായി. ശനിയാഴ്ച ദിവസങ്ങളിൽ ഗവൺമെന്റ് ഉദ്യോഗസ്ഥരും പൊതുമേ ഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരും കൈത്തറിവസ്ത്രം ധരിക്കണമെന്നും സ്വീകരണ പരിപാടികൾക്ക് മാലയക്കുപകരം കൈത്തറിത്തുണി ഉപയോഗി ക്കണമെന്നും നിർദ്ദേശം നൽകിയതിന്റെ ഫലമായി ഈ മേഖലയിൽ പുരോഗ തിയുണ്ടായിട്ടുണ്ട്. കൈത്തറി, കശുവണ്ടി, കയർ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാനായി സംസ്ഥാന ഗവൺമെന്റ് ന്യായമായ റിബേറ്റ് കൊടുക്കുന്നുണ്ട്. ടൗൺ ഓഫ് എക്സ്പോർട്ട് എക്സലൻസ് ആയി കണ്ണൂർ ടൗണിനെ പ്രഖ്യാപിച്ചത് കൈത്തറി വ്യവസായത്തിന്റെ പ്രാധാന്യം കണക്കിലെടുത്താണ്. ഇപ്പോൾ കൈത്തറി ഉൽപ്പന്നങ്ങൾ വിദേശ

രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. ഇപ്രകാരം കൈത്തറിമേഖല യിൽ സഹകരണ സ്ഥാപനങ്ങളെ പുനഃസംഘടിപ്പിച്ചും ഹാൻവീവ്, ഹാൻടെക്സ് തുടങ്ങിയ സ്ഥാപനങ്ങളെ പരമാവധി സഹായിച്ചും ഈ മേഖലയെ പുഷ്ടിപ്പെടുത്താൻ പരിശ്രമിക്കുന്നുണ്ട്. ഈ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേജസ് ഏകീകരിക്കാനുള്ള തീരുമാനം ഉൾപ്പെടെ കൈത്തറി മേഖലയെ സംരക്ഷിക്കാനുള്ള നടപടികളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പെൻഷൻ പ്രായം 58 വയസ്സ് എന്നാണ് പറയു ന്നതെങ്കിലും ഏതെങ്കിലും സ്ഥാപനത്തിൽ 60 വയസ്സുവരെ പണിയെടുക്കാൻ അനുവദിക്കുമെങ്കിൽ തൊഴിലാളികൾക്ക് പണിയെടുക്കാം. പെൻഷൻ ആനു കൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഒരു നിയമമാണിത്. ഇത് ഐകകണ്ഠ്യേന പാസ്സാക്കിത്തരണം.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്ക ണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

<u>ശ്രീ. എം. മുരളി</u>: 128-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. വി.ഡി. സതീശൻ:</u> 122, 129 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പി ക്കുന്നു.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി:</u> 123, 130 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു</u>: 126-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. . ജോസഫ് എം. പുതുശ്ശേരി: 136, 140 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. പി.എം.എ. സലാം: 137-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 146-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ ഉച്ചയ്ക്കുശേഷം 3.49-ന് പിരിഞ്ഞു.

......................